بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 2

# ബദർ

വീക്കിലി ഖാദിയാൻ

The weekly **BADAR** Qadian Malayalam

ലക്കം 11

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 മാർച്ച് 16/ഹി:ശം:1396 അമാൻ 16/ഹി:ഖ: 1438 ജമാദുൽ ആഖിർ 16

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 10 - 02 - 2017ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടനിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3 - ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**എനിക്ക് അധികമായി മഹത്ത്വം തന്നരുളുമെന്നും എന്റെ സ്നേഹത്തെ ഹൃദയങ്ങളിൽ കുടിയിരുത്തുമെന്നും എന്റെ പ്രസ്ഥാനത്തെ ഭൂതലമാകമാനം പ്രചരിപ്പിക്കുമെന്നും സർവകക്ഷികളുടേയുംമേൽ അതിനെ വിജയിപ്പിക്കുമെന്നും നിരന്തരം അല്ലാഹു എനിക്ക് സുവാർത്ത നല്കിയിട്ടുണ്ട്.**

**എന്റെ ജമാഅത്തിലെ ജനങ്ങൾ തങ്ങളുടെ തെളിവുകൾകൊണ്ടും അടയാളംകൊണ്ടും സത്യത്തിന്റെ പ്രകാശം കൊണ്ടും സർവരുടേയും വായ കൊട്ടിയടയ്ക്കുംവിധം അറിവിലും വിജ്ഞാനത്തിലും പരിപൂർണത കരസ്ഥമാക്കുന്നതുമാണ്. എല്ലാ സമൂഹവും ഈ ഉറവിൽനിന്ന് ജലപാനം ചെയ്യുന്നതുമാണ്. ഈ ജമാഅത്ത് ഭൂമിയിലാകമാനം പടർന്നുപന്തലിക്കുന്നതുവരെ ത്വരിതഗതിയിൽ വളരുകയും പുഷ്പിക്കുകയും ചെയ്യുന്നതാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**യുഗശബ്ദം:** ഭയപ്പെടുകയും പേടിക്കുകയും ചെയ്ത കാരണത്താൽ പ്രവചന പുലർച്ചയിൽ കാലതാമസം നേരിടുമെന്ന നിബന്ധനയുണ്ടായിരുന്ന ഒന്നു രണ്ടു താക്കീതുപരമായ പ്രവചനങ്ങൾ മാത്രമെ അവരുടെ പക്കൽ ആക്ഷേപത്തിന് പാത്രമായിട്ടുള്ളൂവെന്ന് ഞാൻ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുകയാണ്. പശ്ചാത്താപം, ദാനധർമം, പ്രാർഥന എന്നിവ മുഖേന അത്തരം പ്രവചനങ്ങൾ നീങ്ങിപ്പോകുമെന്നുള്ളത് അല്ലാഹുവിന്റെ സനാതന നിയമമാകുന്നു. എന്നാൽ, ഇതിനു പകരമായി ലക്ഷക്കണക്കിനു മനുഷ്യർ സാക്ഷികളായിട്ടുള്ള പതിനായിരത്തിലധികം പ്രവചനങ്ങൾ വേറെ പൂർത്തിയായിട്ടുണ്ട്. ഒരു സമുദായം മാത്രമല്ല സർവസമുദായങ്ങളും അവർ മുസ്‌ലീംകളാവട്ടെ, ഹിന്ദുക്കളാവട്ടെ, ക്രിസ്ത്യാനികളാവട്ടെ ഇവയുടെ സത്യതയ്ക്ക് സാക്ഷ്യം പറയാൻ നിർബന്ധിതരാണ്. ലക്ഷക്കണക്കിനാളുകൾ സാക്ഷികളായിട്ടുള്ള അതിമഹത്തായ പ്രവചനങ്ങളുടെ സമാഹാരത്തിൽനിന്ന് ഒരു തരത്തിലുള്ള പ്രയോജനവും കരസ്ഥമാക്കാതെ അവയെ തള്ളിക്കളഞ്ഞുകൊണ്ട് അല്ലാഹുവിന്റെ സനാതന ചട്ടമനുസരിച്ച് കാലതാമസം നേരിട്ട വഈദ് അഥവാ ശിക്ഷയെ സംബന്ധിച്ച് മുന്നറിയിപ്പു നല്കുന്ന ഒന്നു രണ്ടു പ്രവചനങ്ങൾ നിരന്തരം എടുത്തു കാട്ടുന്നത് യഥാർഥത്തിൽ സത്യസന്ധതയാണോ? ഇതാണ് അവസ്ഥയെങ്കിൽ ഒരു പ്രവാചകന്റേയും പ്രവാചകത്വം നിലനില്ക്കുക സാധ്യമല്ല. കാരണം ഓരോ പ്രവാചകത്വത്തിലും ഇത്തരം സംഭവങ്ങളുടെ മാതൃകകൾ കാണാവുന്നതാണ്. അതുകൊണ്ടാണ് ഇവർ സത്യത്തിന്റേയും ദീനിന്റേയും ശത്രുക്കളാണെന്ന് ഞാൻ പറയുന്നത്. ഇവരിൽനിന്നൊരു വിഭാഗം ഹൃദയത്തെ പവിത്രപ്പെടുത്തിക്കൊണ്ട് എന്റെ അടുത്ത് ഇനിയും വരികയാണെങ്കിൽ അവരുടെ അനാവശ്യവും വ്യർഥവുമായ സംശയങ്ങൾക്ക് മറുപടി നല്കാനും എന്റെ സത്യസാക്ഷ്യത്തിന് എത്രയധികം പ്രവചനങ്ങളാണ് പുലർന്നിട്ടുള്ളതെന്നും പകൽ ഉദിച്ചുയരുന്നതുപോലെ ഏതുവിധത്തിലാണ് അവയുടെ സത്യത വെളിപ്പെട്ടിരിക്കുന്നതെന്നും കാണിച്ചുതരാൻ ഞാൻ ഒരുക്കമാണ്. എന്നാൽ, ഈ അജ്ഞരായ മൗലവിമാർ മനഃപൂർവം അവരുടെ കണ്ണുകൾ അടച്ചു വെക്കുകയാണെങ്കിൽ അടച്ചു കൊള്ളട്ടെ. ഇവർ മുഖേന സത്യത്തിന് എന്ത് നഷ്ടം സംഭവിക്കാനാണ്? പക്ഷേ, ഫിർഔന്റെ പ്രകൃതത്തിലുള്ളവർ ഈ പ്രവചനങ്ങളെ പറ്റി ചിന്തിക്കുന്നതായാൽ മുങ്ങിപ്പോകുന്നതിൽനിന്ന് രക്ഷപ്പെടുന്ന കാലം വിദൂരമല്ല.അല്ലാഹു പറയുന്നു:നിന്റെ സത്യതയെ ഹൃദയങ്ങളിൽ കുടിയിരുത്തുവോളം ഞാൻ ആക്രമണങ്ങളുടെമേൽ ആക്രമണം നടത്തുന്നതാണ്.

അതിനാൽ അല്ലയോ മൗലവിമാരേ! അല്ലാഹുവുമായി പോരടിക്കാൻ നിങ്ങൾക്ക് ശക്തിയുണ്ടെങ്കിൽ പോരടിച്ചുകൊള്ളുക. എനിക്കുമുമ്പേ യഹൂദികൾ ഒരു സാധുമനുഷ്യനായ മർയമിന്റെ മകനോടു എന്തൊക്കെയാണ് ചെയ്തുകൂട്ടിയത്. എപ്രകാരമാണ് തങ്ങളുടെ ഊഹത്തിൽനിന്നുകൊണ്ട് അവർ അദ്ദേഹത്തെ കുരിശിലേറ്റിയത്. എന്നാൽ, അല്ലാഹു അദ്ദേഹത്തെ കുരിശുമരണത്തിൽനിന്ന് രക്ഷപ്പെടുത്തി. അല്ലെങ്കിൽ അദ്ദേഹം കള്ളവാദിയും കുതന്ത്രനുമായി ഗണിക്കപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. പക്ഷേ, ഇപ്പോൾ നാല്പതുകോടി ജനം ദൈവമായി അംഗീകരിക്കത്തക്കവിധത്തിൽ അദ്ദേഹത്തിന്റെ മഹത്വം ഹൃദയങ്ങളിൽ ഉത്ഭൂതമാക്കപ്പെട്ടിരിക്കുന്ന ഒരു കാലവും വന്നിരിക്കുന്നു. നിസ്സഹായനായ ഒര മനുഷ്യനെ ദൈവമാക്കി എന്നത് അവർ ചെയ്തിരിക്കുന്ന ദൈവനിഷേധമാണെങ്കിലും ഇത് യഹൂദികൾക്കുള്ള ഒരു മറുപടിയാകുന്നു. അതായത് ഏതൊരു മനുഷ്യനെയാണോ കള്ളവാദിയായി മുദ്രകുത്തി കാല്പാദത്തിന്നടിയിലിട്ട് ചവിട്ടിമെതിക്കാൻ ജനങ്ങൾ ആഗ്രഹിച്ചത് ആ മർയമിന്റെ മകൻ യേശു ഇന്ന് നാല്പതുകോടി ജനം സാഷ്ടാംഗം ചെയ്യും വിധം മഹത്ത്വമുള്ളവനായി തീർന്നിരിക്കുന്നു. രാജാക്കന്മാരുടെ ശിരസുകൾ ആ പേരിനു മുമ്പിൽ കുനിയുകയും ചെയ്യുന്നു. എന്നാൽ, മർയമിന്റെ മകൻ യേശുവിനെ പോലെ, ഞാൻ ശിർക്കിന്റെ വളർച്ചയ്ക്ക് മാർഗമാക്കപ്പെടരുതെന്ന് അല്ലാഹുവിനോടു പ്രാർഥിച്ചിട്ടുണ്ട്. അല്ലാഹു അങ്ങനെതന്നെ ചെയ്യുമെന്ന് എനിക്ക് ദൃഢമായ ഉറപ്പുണ്ട്. എന്നാൽ, എനിക്ക് അധികമായി മഹത്ത്വം തന്നരുളുമെന്നും എന്റെ സ്നേഹത്തെ ഹൃദയങ്ങളിൽ കുടിയിരുത്തുമെന്നും എന്റെ പ്രസ്ഥാനത്തെ ഭൂതലമാകമാനം പ്രചരിപ്പിക്കുമെന്നും സർവകക്ഷികളുടേയുംമേൽ അതിനെ വിജയിപ്പിക്കുമെന്നും നിരന്തരം അല്ലാഹു എനിക്ക് സുവാർത്ത നല്കിയിട്ടുണ്ട്. കൂടാതെ എന്റെ ജമാഅത്തിലെ ജനങ്ങൾ തങ്ങളുടെ തെളിവുകൾകൊണ്ടും അടയാളംകൊണ്ടും സത്യത്തിന്റെ പ്രകാശംകൊണ്ടും സർവരുടേയും വായ കൊട്ടിയടയ്ക്കുംവിധം അറിവിലും വിജ്ഞാനത്തിലും പരിപൂർണത കരസ്ഥമാക്കുന്നതുമാണ്. എല്ലാ സമൂഹവും ഈ ഉറവിൽനി ന്ന് ജലപാനം ചെയ്യുന്നതുമാണ്. ഈ ജമാഅത്ത് ഭൂമിയിലാകമാനം പടർന്നുപന്തലിക്കുന്നതുവരെ ത്വരിതഗതിയിൽ വളരുകയും പുഷ്പിക്കുകയും ചെയ്യുന്നതാണ്. അനവധി തടസ്സങ്ങളും നിരവധി പരീക്ഷണങ്ങളും നേരിടേണ്ടിവരും. എന്നാൽ, അവയെ എല്ലാം ഇടയിൽനിന്ന് നീക്കിക്കളയുകയും തന്റെ വാഗ്ദാനം അല്ലാഹു പൂർത്തിയാക്കുകയും ചെയ്യുന്നതായിരിക്കും. എന്നെ സംബോധനചെയ്തുകൊണ്ട് അല്ലാഹു പറഞ്ഞു: 'രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽനിന്ന് അനുഗ്രഹം തേടുമാറ് ഞാൻ നിനക്ക് അനുഗ്രഹത്തിനുമേൽ അനുഗ്രഹം തന്നരുളുന്നതാണ്.[1]

അതിനാൽ അല്ലയോ ശ്രോതാക്കളേ! ഇക്കാര്യങ്ങൾ ഓർമവച്ചുകൊള്ളുക. ഈ പ്രവചനങ്ങൾ നിങ്ങളുടെ പെട്ടികളിൽ സുരക്ഷിതമാക്കി വെച്ചുകൊള്ളുക. കാരണം ഇതു ഒരുനാൾ പൂർത്തിയാകേണ്ട അല്ലാഹുവിന്റെ വചനങ്ങളാകുന്നു. ഞാൻ എന്നിൽ ഒരു നന്മയും കാണുന്നില്ല. ഞാൻ ചെയ്യേണ്ടതായിരുന്ന ജോലി ചെയ്തിട്ടുമില്ല. അർഹതയില്ലാത്ത ഒരു തൊഴിലാളിയായിട്ടാണ് ഞാൻ സ്വയം എന്നെ മനസ്സിലാക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹമൊന്നുമാത്രമാണ് എന്റെ കൂടെയുള്ളത്. ഒരു വിധത്തിലുള്ള വൈദഗ്ദ്യവും ഇല്ലാതിരുന്നിട്ടും ഈ വിനീതനെ ഇഷ്ടഭാജനമാക്കിയ ഖാദിറും കരീമുമായ അല്ലാഹുവിന് ആയിരമായിരം നന്ദി.(തജല്ലിയാത്തെ ഇലാഹിയ്യ, റൂഹാനീ ഖസായിൻ വാല്യം 20 പേജ് 407)

1. ജാഗ്ര ദർശനത്തിൽ എനിക്ക് രണ്ടു രാജാക്കന്മാർ കാണിക്കപ്പെട്ടു. അവർ കുതിപ്പുറത്ത് സഞ്ചരിക്കുകയായിരുന്നു. തങ്ങളുടെ കഴുത്തുകളിൽ നിന്നോടുള്ള അനുസരണത്തിന്റെ നുകം വഹിക്കുന്നവർ ഇവരാണെന്നും അല്ലാഹു അവർക്ക് അനുഗ്രഹം നല്കുമെന്നും എന്നോടു പറയപ്പെട്ടു.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

**വഖ്ഫ് ചെയ്യണമെന്നുണ്ടെങ്കിൽ ലോകത്തെ മറന്നു കളയുക. മാതാപിതാക്കളെ സഹായിക്കണമെന്നതും മറക്കുക. മാതാപിതാക്കളെ മറ്റു കുട്ടികൾ സഹായിക്കട്ടെ. പണം സമ്പാദിക്കുക എന്നത് വാഖ്ഫെ സിന്ദഗിയുടെ ചൈതന്യമല്ല.**

# 2016 ഒക്ടോബർ 13 വ്യാഴാഴ്ച കനഡയിൽ വഖ്ഫെ നൗ കുട്ടികൾക്ക് അമീറുൽമുഅ്മിനീന്റെ ക്ലാസ്സും അമീറുൽമുഅ്മിനീന്റെ വിലപ്പെട്ട ഉപദേശങ്ങളും

## ഭാഗം രണ്ട്:

ഒരു വാഖ്ഫെ നൗ വിദ്യാർഥി ചോദിച്ചു. ചിലയാളുകൾ പഠനത്തിനും നല്ല ജോലി കിട്ടിയതിനുംശേഷം തങ്ങളുടെ മാതാപിതാക്കളെ സഹായിക്കുന്നു. എന്നാൽ, ജാമിആയിൽ പഠിക്കുന്നവർ മാതാപിതാക്കള എങ്ങനെ സഹായിക്കാനാണ്?

അമീറുൽ മുഅ്മിനീൻ പറഞ്ഞു, വഖ്ഫെനൗ ഇന്റെ ടൈറ്റൽ കിട്ടണമെന്നുദ്ദേശ്യത്തോടെയാണ് മാതാപിതാക്കൾ വഖ്ഫ് ചെയ്തിട്ടുള്ളതെങ്കിൽ ഇതു മതിയായതാണ്. എന്നാൽ, എന്തൊന്നാണോ തന്റെ വയറ്റിലുള്ളത് താൻ അതിനെ വഖ്ഫു ചെയ്യുന്നുവെന്നും മതത്തിനുവേണ്ടി നല്കുന്നുവെന്നും പറഞ്ഞ് ഹദ്റത്ത് മർയമിന്റെ ഉമ്മയെ പോലെയാണ് വഖ്ഫ് ചെയ്തിട്ടുള്ളതെങ്കിൽ- അവർ ആ കുട്ടി ദുൻയാവ് സമ്പാദിക്കുകയില്ല മറിച്ച് ദീൻ സമ്പാദിക്കുന്നതാണെന്ന ഉദ്ദേശ്യമാണ് വെച്ചിരുന്നത്. അവർ ദീൻ സമ്പാദിക്കുന്നവരായിരിക്കും. നിങ്ങൾ വഖ്ഫെ നൗ ആണെങ്കിൽ, നിങ്ങൾക്ക് വഖ്ഫ് ചെയ്യണമെങ്കിൽ പിന്നെ ദുൻയാവ് മറക്കേണ്ടിവരും. പിന്നെ മാതാപിതാക്കളെ സഹായിക്കണമെന്ന കാര്യം മറന്നു കളയുക. മാതാപിതാക്കളെ മറ്റു മക്കൾ സഹായിക്കട്ടെ. ഇനി ആരുടെയെങ്കിലും മാതാപിതാക്കൾ ദരിദ്രരാണെങ്കിൽ അവരെ സഹായിക്കാൻ മറ്റു കുട്ടികളൊന്നുമില്ലെങ്കിൽ അവരെ സഹായിക്കണമെങ്കിൽ വഖ്ഫെ നൗ ജമാഅത്തിനെഴുതി സ്വയമേവ വഖ്ഫെ നൗഇൽനിന്ന് പുറത്തുപോകുകയും ദുൻയാവ് സമ്പാദിക്കുകയും ചെയ്യുക. യഥാർഥ വഖ്ഫെ നൗ എന്നു പറയുന്നത് ജമാഅത്തിന് സേവനം ചെയ്യുന്നവരാണ്. അവന് പൈസയോടു ഒരു അത്യാഗ്രഹവും ഉണ്ടാകുകയില്ല. പണം വരുമോ വരില്ലേ എന്നുള്ള ചിന്തയൊന്നും അവനുണ്ടാകുകയില്ല. അവർ ജീവിതം വഖ്ഫ് ചെയ്ത് ജാമിആയിൽ പഠിച്ച് മുറബ്ബിയായി അല്ലെങ്കിൽ മുബല്ലിഗായി സേവനം ചെയ്തുകൊണ്ടിരിക്കുന്നവരാണ്. എം. എസ്സ്. സി ചെയ്ത് പി.എച്ച്.ഡി ചെയ്ത് വഖ്ഫു ചെയ്യുന്ന ചിലരുമുണ്ട്. അവർ സ്കൂളിലെ ടീച്ചർമാരാണ്. അല്ലെങ്കിൽ ജമാഅത്തിന്റെ മറ്റെന്തെങ്കിലും ജോലി ചെയ്തുവരുന്നു. ഖാദിയാനിൽ നമ്മുടെ ചില എഞ്ചിനിയർമാരുണ്ട്. റബ്വയിലും വിദ്യാസമ്പന്നരായ ആളുകളുണ്ട്. ഡോക്ടർമാരുണ്ട്. വളരെ കുറഞ്ഞ പൈസയാണ് അവർ വാങ്ങുന്നത്. പാകിസ്താനിലെ ചില ഡോക്ടർമാരുണ്ട്, അവർ വെളിയിൽ സർവീസു ചെയ്യുകയാണെങ്കിൽ നിത്യവും രണ്ടുമൂന്നു ലക്ഷം സമ്പാദിക്കാൻ കഴിയുന്നതാണ്. ഈ ഡോക്ടർമാർ ജമാഅത്തിന്റെ ജോലി ചെയ്യുമ്പോൾ മാസം കഴിഞ്ഞാൽ പരിമിതമായ പൈസയാണ് കിട്ടുന്നത്. വഖ്ഫിന്റെ ഉദ്ദേശ്യം ദീനിന് സേവനം ചെയ്യുക എന്നതാണ്. ലോകത്തെ നോക്കാൻ പാടില്ല. അതുകൊണ്ട് സഹായത്തിന്റെ പ്രശ്നംതന്നെ ഉദിക്കുന്നില്ല. ഇനി സഹായിക്കണമെന്നാണെങ്കിൽ അത്തരം അവസ്ഥകളിൽ ജമാഅത്ത് അക്രമിയല്ല, കാലത്തിന്റെ ഖലീഫ ഒരു അക്രമവും ചെയ്യുകയുമില്ല. അതുകൊണ്ട് ആ വ്യക്തിയോടു പറയും, അങ്ങനെയാണ് അവസ്ഥയെങ്കിൽ നീ മാതാപിതാക്കളെ സേവിച്ചു കൊള്ളുക. വഖ്ഫിൽനിന്ന് പിന്മാറുക. വഖ്ഫെ നൗ അല്ലെങ്കിൽ വഖ്ഫെ സിന്ദഗീ ഭൗതികം നോക്കുകയില്ല. ദീനാണ് നോക്കുക. 'ഞാൻ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കും' എന്ന് പ്രതിജ്ഞ ചെയ്യുന്നതിന്റെ ഉദ്ദേശ്യമെന്താണ്. മുന്തിക്കുക എന്താണ്? ദീനിനെ നോക്കുക എന്നതാണത്. പണം വരുന്നുണ്ടോ എന്ന് ചിന്തിക്കാതിരിക്കുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ ജമാഅത്തിന്റെ അവസ്ഥകൾ വളരെ നല്ലതാണ്. മുബല്ലിഗുമാർക്കും മുറബ്ബിമാർക്കും അലൗൺസ് കിട്ടുന്നുണ്ട്. മാസത്തിലുള്ള ചെലവും നടക്കുന്നു. നമ്മുടെ പഴയകാല മുബല്ലിഗുമാർ എങ്ങനെയാണ് കഴിഞ്ഞിരുന്നതെന്നാൽ ചിലർ എന്നോടു പറഞ്ഞിട്ടുണ്ട് അവർ ബ്രഡ് വാങ്ങും, ഒന്നുരണ്ടുകഷണം വെള്ളത്തിനോടൊപ്പം കഴിക്കും. കാരണം കറി ഉണ്ടായിരുന്നില്ല. ഇതായിരുന്നു അവരുടെ ഭക്ഷണം. ഇതാണ് വഖ്ഫ്. കത്തോലിക്ക പാതിരിമാരെ കുറിച്ച് ഞാൻ പറഞ്ഞിരുന്നു. താങ്കൾ അവിടെപോയി എന്താണ് ചെയ്യുന്നതെന്ന് ഒരു പാതിരിയോടു ഞാൻ ചോദിച്ചു. അവിടെ പതിനായിരം പേരുള്ള ഒരു ഗോത്രക്കാർ ഉണ്ടായിരുന്നു. അവർ അവരുടേതായ ഭാഷയാണ് സംസാരിച്ചിരുന്നത്. തങ്ങൾ ബൈബിൾ തർജമ ചെയ്യാൻ ആഗ്രഹിക്കുന്നുവെന്നും അതിനാണ് താൻ അവിടെ പോകുന്നതെന്നും ഭാഷ പഠിച്ച് ബൈബിൾ തർജമ ചെയ്യാൻ അവരുടെ കൂടെ താമസിക്കുന്നുവെന്നും അവർ തിന്നുന്നത് തിന്നുന്നുവെന്നും തറയിലാണ് കിടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. വാഖ്ഫെ സിന്ദഗിയുടെ ആത്മാവ് ഇതായിരിക്കേണ്ടതാണ്. പണം സമ്പാദിക്കൽ വാഖ്ഫെ സിന്ദഗിയുടെ ആത്മാവല്ല.

❍ അമീറുൽമുഅ്മിനീൻ! അങ്ങ് എല്ലാ രാജ്യങ്ങളും കറങ്ങിയിട്ടുണ്ട്. അങ്ങയ്ക്ക് ഏറ്റവും കൂടതൽ ഇഷ്ടപ്പെട്ടത് ഏതു സ്ഥലമാണ്? എന്ന് ഒരു യുവാവ് ചോദിച്ചു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു:'ലോകത്തിലെ എല്ലാ സ്ഥലവും നല്ലതാണ്. യൂറോപ്പിൽ വളരെ മനോഹാരിതയുണ്ട്. പച്ചപ്പ് അവിടെ അധികമാണ്. ഇവിടേയും വെസ്റ്റുകോസ്റ്റിന്റെ പ്രദേശവും കൽഗരി തുടങ്ങിയവയും വളരെ മനോഹരമാണ്. പക്ഷേ, ഇവിടത്തെ ടൊറണ്ടോയുടെ പ്രദേശം നയാഗ്ര വെള്ളച്ചാട്ടത്തിനുപുറമെ മനോഹരമായ ഒരു വസ്തുവും എനിക്ക് പ്രകൃതിപരമായ സൗന്ദര്യത്തിന്റെ അടിസ്ഥാനത്തിൽ കാണാൻ കഴിഞ്ഞില്ല. ജനങ്ങൾ വളരെ നല്ലവരാണ്. വലിയ സൗന്ദര്യമുള്ളവരാണ്. കോസ്റ്റൽ പ്രദേശമായ വെസ്റ്റ് ആഫ്രിക്ക അല്ലെങ്കിൽ ഈസ്റ്റ് ആഫ്രിക്കയുടെ പ്രദേശം അവിടെ വളരെ സൗന്ദര്യമുണ്ട്.

❍ ഒരു കുട്ടി ചോദിച്ചു: ഈയിടെയായി സ്കൂളിൽ എല്ലാവരും പാർട്ടി നടത്തുന്നു. നീ എന്താണ് പാർട്ടി നടത്താതെന്ന് എന്നോടാരെങ്കിലും ചോദിച്ചാൽ ഞാൻ എന്തു മറുപടിയാണ് കൊടുക്കേണ്ടത്?

അമീറുൽമുഅ്മിനീൻ പറഞ്ഞു: 'പാർട്ടി നടത്തരുതെന്ന് ആരാണ് പറഞ്ഞത്? ബർത്തഡേ പാർട്ടികളാണ് നടത്താൻ പാടില്ലാത്തത്. അതിനു പുറമെ നിങ്ങളുടെ കൂട്ടുകാരെ ക്ഷണിക്കുക. അവരെ സൽക്കരിക്കുക. ബർത്ത് ഡേ നമ്മൾ ആഘോഷിക്കാറില്ല. അത് ആഘോഷിക്കുന്ന നമ്മുടെ രീതി തികച്ചും വ്യത്യസ്തമാണ്. അത് ഞാൻ പല പ്രാവശ്യവും പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. നിങ്ങൾ നിങ്ങളുടെ കൂട്ടുകാരെ വിളിച്ച് കേക്ക് മുറിക്കുന്നതിനും സമയം നഷ്ടപ്പെടുത്തുന്നതിനും പൈസ ചെലവഴിക്കുന്നതിനും മഗ്രിബ് -ഇശാ നമസ്കാരം പാഴാക്കിക്കളയുന്നതിനും പകരം ആർക്കെങ്കിലും സ്വദഖ കൊടുക്കുക. save the children charity ഉണ്ട്. മറ്റു charity കളുമുണ്ട്. അവർ യതീമുകളെ പരിപാലിക്കുന്നവരാണ്. മറ്റു കുട്ടികൾക്ക് വിദ്യാഭ്യാസം നല്കുന്നവരാണ്. അല്ലാഹു നിങ്ങൾക്ക് തൗഫീഖ് തന്നതിന് രണ്ടു നഫ്ൽ നമസ്കരിക്കുക. അല്ലാഹു തനിക്ക് തൗഫീഖ് നല്കിയതിനും തന്റെ ഒരു വർഷം നല്ല നിലയിൽ കഴിഞ്ഞതിനും തുടർന്നും അല്ലാഹു അങ്ങനെ ആക്കുന്നതിനും തനിക്ക് നന്മയിലൂടെ നടക്കാൻ തൗഫീഖ് കിട്ടുന്നതിനും വഖ്ഫെ നൗ പ്രത്യേകമായ നിലയിൽ ഇതു ചെയ്യേണ്ടതാണ്. ഇപ്രകാരം നിങ്ങളുടെ ജന്മദിനം കൊണ്ടാടുക. ഈ രീതിയിലാണ് നമ്മൾ ബർത്തഡേ ആഘോഷിക്കുന്നതെന്ന് നിങ്ങൾ അവരോടു പറയുക. അതേ! പരസ്പരം ക്ഷണിക്കേണ്ടതാണ്. അതിൽ കുറ്റമൊന്നുമില്ല. എന്നല്ല നബി(സ)തിരുമേനി പറഞ്ഞു:'ക്ഷണിക്കുകയും ക്ഷണം സ്വീകരിക്കുകയും ചെയ്യുക. ഇതു മുഖേന സ്നേഹം വർധിക്കുന്നു.' മറ്റുള്ളവരിൽനിന്ന് നിങ്ങളെ മാറ്റി നിറുത്തുക എന്നതല്ല. നമ്മൾ നമ്മളെ മാറ്റി നിറുത്താൻ പാടില്ല. ലോകത്ത് വസിക്കേണ്ടവരാണ്. പക്ഷേ, നമ്മുടെ ദീനിന്റെ ഗുണങ്ങൾ പറഞ്ഞ് വസിക്കേണ്ടവരാണ്. സുഹൃത്ബന്ധങ്ങൾ വർധിപ്പിക്കുമ്പോൾ നിങ്ങൾ പറയുന്നത് ആളുകൾ കേൾക്കും. അപ്പോൾ നിങ്ങൾക്ക് തബ്‌ലീഗിനുള്ള അവസരം കിട്ടുന്നതാണ്.

ഒരു യുവാവ് ചോദിച്ചു: സ്ത്രീകൾ ഒരിക്കലും ഖലീഫ ആകാത്തതെന്താണെന്നും ഇതിൽനിന്ന് മനസ്സിലാകുന്നത് പുരുഷാധിപത്യം നിലനില്ക്കുന്നുവെന്നല്ലെ എന്നും നിരീശ്വരവാദികൾ ചോദിക്കുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു:'നിരീശ്വരവാദികളുടെ പ്രശ്നമല്ല. സ്ത്രീകളെ ഖലീഫ ആക്കിയാൽ അവർ അല്ലാഹുവിൽ വിശ്വസിക്കുമോ? സ്ത്രീകൾ എന്തുകൊണ്ട് ഖലീഫ ആകുന്നില്ല? എന്നതാണ് ചോദ്യം. ഇത് ചിന്തിക്കേണ്ട കാര്യമാണ്. അല്ലാഹു ദീനിന്റെ അടിസ്ഥാനപരമായ നിയമങ്ങൾ നിശ്ചയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ നബിമാർ എപ്പോഴും വന്നിട്ടുള്ളത് പുരുഷന്മാരിൽനിന്നാണ്. ഇപ്രകാരം നബിമാരുടെ പ്രതിനിധികളായ ഖലീഫമാർ വന്നിട്ടുള്ളതും പുരുഷന്മാരിൽനിന്നാണ്. അല്ലാഹുവിന്റെ നിയമം ഇങ്ങനെയാണ് നടന്നുകൊണ്ടിരിക്കുന്നത്. രണ്ടാമത്തേത് സ്ത്രീകൾക്ക് ചില പ്രത്യേകദിനങ്ങളുണ്ട്. ഇസ് ലാമിന്റെ പാഠമനുസരിച്ച് ആ ദിനങ്ങളിൽ അവർ നമസ്കാരത്തിൽനിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നു. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിൽനിന്നും അവർക്ക് ഒഴിവുണ്ട്. അപ്പോൾ ഈ ദിനങ്ങളിൽ അവർ ദീനീ കാര്യങ്ങൾ ചെയ്യുന്നതെങ്ങനെ? ഇന്ന് തനിക്ക് നിയന്ത്രണമുണ്ടെന്നും തനിക്ക് ദുആ പഠിപ്പിക്കാൻ കഴിയുകയില്ലെന്നും നമസ്കരിപ്പിക്കാൻ കഴിയുകയില്ലെന്നും വിശുദ്ധ ഖുർആനിലെ എന്തെങ്കിലും പാഠം പറഞ്ഞുതരാൻ കഴിയില്ലെന്നും സ്ത്രീ പറയും. ഒരു സൗകര്യം സ്ത്രീക്ക് നല്കിയിരിക്കുന്നു. അതിന്റെ നിർബന്ധിതാവസ്ഥകാരണത്താൽ അപ്പോൾ പിന്നെ ഈ സിസ്റ്റം മുന്നോട്ടുപോകുകയില്ല. മറ്റു നന്മകളിൽ അല്ലാഹു പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യമായ പ്രതിഫലം നല്കിയിരിക്കുന്നു. പുരുഷന് 30 ദിവസം ദിവസത്തിൽ അഞ്ചുനേരം നമസ്കരിക്കാൻ കല്പിച്ചിരിക്കുന്നു. സ്ത്രീ 23 അല്ലെങ്കിൽ 25 ദിവസം നമസ്കരിച്ചാൽ പുരുഷനുള്ളത്ര പ്രതിഫലം ലഭിക്കുന്നു. ഇത് സ്ത്രീകളുടെ അവകാശത്തിൽപ്പെട്ട കാര്യങ്ങളാണ് പറയുന്നത്. ഇതുപോലെതന്നെ വേറെയും ധാരാളം കാര്യങ്ങളുണ്ട്. എവിടെയെങ്കിലും പോരാടേണ്ടിവന്നാൽ ജിഹാദു ചെയ്യുക എന്ന് അല്ലാഹു സ്ത്രീകളോടു പറഞ്ഞില്ല. ഇസ്‌ലാമിന്റെ പ്രതിരോധ യുദ്ധങ്ങൾ നടന്നു. പക്ഷേ, നബി(സ)തിരുമേനിയോടു ഒരു സ്ത്രീ ചോദിച്ചു,'പുരുഷന്മാർ ജിഹാദിനുപോകുമ്പോൾ അവർക്കുള്ള പ്രതിഫലവും അധികമാണ്. വീട്ടിലിരിക്കുകയും കുട്ടികളെ നോക്കുകയും ചെയ്യുന്ന ഞങ്ങൾക്കും പ്രതിഫലം കിട്ടുമോ? നബി(സ)തിരുമേനി പറഞ്ഞു: നിങ്ങൾക്കും ജിഹാദിന്റെ പ്രതിഫലം കിട്ടുന്നതാണ്. ഇസ്ലാമിലുള്ള ഡിവിഷൻ ഓഫ് ലേബറിൽ പുരുഷന്മാർക്കും സത്രീകൾക്കും പ്രത്യേകം പ്രത്യേകം ജോലികൾ നല്കപ്പെട്ടിരിക്കുന്നു. രണ്ടുപേർക്കും

ശേഷം പേജ് 8ൽ

# ഖുത്ബ ജുമുഅ

**ഇക്കാലഘട്ടത്തിൽ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിനും അവന്റെ ദീനിനെ മനസ്സിലാക്കുന്നതിനും അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് നബി(സ) തിരുമേനിയുടെ സത്യസന്ധനായ ദാസന് മസീഹ് മൗഊദിന്റേയും മഹ്ദിയെ മഅ്ഹൂദിന്റേയും പദവി നൽകി അയക്കുകയും നിങ്ങളുടെ സത്യസന്ധവും യഥാർഥവുമായ പിടച്ചിലിനും സമാധാനത്തിനുമുള്ള സാഹചര്യമൊരുക്കുന്നതിന് വാഗ്ദത്തമസീഹിന്റെ ബയ്അത്തിൽ വരാൻ പറയുകയും ചെയ്തു. അങ്ങനെ അല്ലാഹുവിന്റെ സാമീപ്യത്തിന്റെ വഴികൾ കരസ്ഥമാക്കുക. നിങ്ങളുടെ ആരാധനകളുടെ യാഥാർഥ്യത്തെ പ്രാപിക്കുക. നിങ്ങളുടെ ദുആകളുടെ സ്വീകാര്യതയുടെ ദൃശ്യങ്ങൾ കാണുക. അല്ലാഹു വിവിധരീതിയിൽ ആവേശം ഉൾക്കൊള്ളുന്നവർക്ക് സത്യത്തിലേക്ക് മാർഗനിർദേശം നല്കുന്നു. അവരുടെ ഈമാൻ വർധിപ്പിക്കുകയും ചെയ്യുന്നു.**

**അഹ്മദിയ്യാ ജമാഅത്തിന്റെ ഭൂതകാലവും വർത്തമാന കാലവും അത്തരം സംഭവങ്ങളാൽ നിറഞ്ഞു കിടക്കുകയാണ്. എല്ലാ ദിവസവും ലോകത്തിലെ ഏതെങ്കിലും ഗ്രാമത്തിലോ പട്ടണത്തിലോ രാജ്യത്തോ അത്തരം സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അത് പുതുതായി സന്മാർഗം പ്രാപിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ചേരുന്നവരുടെ ഈമാനിൽ വർധന ഉണ്ടാക്കുന്നതിന് നിമിത്തമാകുന്നുവെന്ന് മാത്രമല്ല അതിൽ ശക്തിയുമുണ്ടാക്കുന്നു. എന്നല്ല പഴയ അഹ്മദികളുടേയും ജന്മനാ അഹ്മദികളുടേയും ഈമാനേയും നവീകരിക്കുന്നു. അവരുടെ ഈമാൻ വർധിക്കുന്നതിനും നിമിത്തമാകുന്നു.**

**സൽപ്രകൃതക്കാർക്കും സത്യം അന്വേഷിച്ചു നടക്കുന്നവർക്കും അല്ലാഹുവിൽനിന്നു ലഭിക്കുന്ന സന്മാർഗത്തിലേക്കും സത്യത്തിലേക്കുമുള്ള മാർഗദർശനത്തിന്റേയും ദൈവിക സഹായത്തിന്റേയും ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങളെ കുറിച്ചുള്ള ചർച്ച**

**തങ്ങൾ എങ്ങനെയാണ് അല്ലാഹുവിൽനിന്ന് സംതൃപ്തി പ്രാപിച്ചും അടയാളം കും ബയ്അത്ത് ചെയ്തതെന്നും തങ്ങളുടെ ഈമാനെ ആർക്കും ഇളക്കാൻ കഴിയുകയില്ലെന്നും തങ്ങൾക്ക് കൂടുതൽ ഒരു തെളിവിന്റേയും ആവശ്യമില്ലെന്നും എനിക്ക് ഒരുപാടാളുകൾ എഴുതാറുണ്ട്.**

**അല്ലാഹു വിവിധ മാർഗങ്ങളിലൂടെ ദീനിനെ മസ്സിലാക്കുന്നതിനും സത്യത്തെ പ്രാപിക്കുന്നതിനുംവേണ്ടി വഴികൾ തുറക്കുന്നു. ചിലപ്പോൾ സ്വപ്നങ്ങൾ മുഖേന. ചിലപ്പോൾ പ്രബോധനം മുഖേന. ചിലപ്പോൾ ആർക്കെങ്കിലും അഹ്മദിയ്യ ജമാഅത്തിൽനിന്ന് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനത്തെ കുറിച്ച് ഏതെങ്കിലും ഗ്രന്ഥമോ സാഹിത്യമോ ലഭിച്ചാൽ അത് വായിച്ച് ഹിദായത്ത് ലഭിക്കുന്നു. ചിലപ്പോൾ ഏതെങ്കിലും അഹ്മദിയുടെ സൽസ്വഭാവത്തിൽ ആകർഷിതനായി അഹ് മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാം സ്വീകരിക്കുന്നു. ഇക്കാലത്ത് എം.ടി.എ മുഖേനയും യഥാർഥ ഇസ്‌ലാമിനെക്കുറിച്ചറിഞ്ഞ് അഹ്മദിയ്യത്തിൽ പ്രവേശിക്കുന്നവരായി ധാരാളമാളുകൾ ഉണ്ട്.**

**വേദനയോടുകൂടി ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം ലോകത്ത് പ്രചരിപ്പിക്കുകയും അത് ഓരോരോ വ്യക്തിവരേയും എത്തിക്കുന്നതിന് ദുആ ചെയ്യുകയും പരിശ്രമിക്കുകയും ചെയ്യുക എന്നത് നമ്മളിൽ ഓരോരുത്തരുടേയും ജോലിയാണ്. ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുക എന്ന ഈ ജോലി ഇന്ന് മുഹമ്മദീ മസീഹിന്റെ ദാസരുടേതാണ്. അല്ലാഹു അവൻതന്നെ നമ്മുടെ ജോലികൾ എളുപ്പമാക്കിക്കൊണ്ടിരിക്കുന്നു. ചിലർക്ക് സ്വപ്നങ്ങളിലൂടേയും ചിലർക്ക് മറ്റു മാർഗങ്ങളിലൂടേയും മാർഗദർശനം നൽകിക്കൊണ്ടിരിക്കുന്നു. നമ്മൾ ബയ്അത്തിന്റെ കടമ നിറവേറ്റുന്നവരാകണമെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹായികളാകാൻ പരിശ്രമിക്കേണ്ടതാണ്.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുതആല ബിനസ്രിൽ അസീസ്**

**ഖുത്ബ 2017 ഫെബ്രുവരി 10/ 1396 തബ്ലീഗ് 10**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ. اَلرَّحْمٰنِ الرَّحِيْمِ. مٰلِكِ يَوْمِ الدِّيْنِ. اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ.
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ. صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ.

നമ്മൾ അധികവും ലോകത്ത് കണ്ടുവരുന്നത് മനുഷ്യൻ ഭൗതികതയിൽ മുങ്ങിക്കൊണ്ടേപോകുന്നതാണ്. എല്ലാവരിലും ഭൗതികമായ വസ്തുവകകൾ കരസ്ഥമാക്കുന്നതിനുവേണ്ടി ഒരു കോലാഹലം ഉണ്ടായിരിക്കുന്നു. ഒരു നെട്ടോട്ടമുണ്ടായിക്കൊണ്ടിരിക്കുന്നു. അല്ലാഹുവിനും ദീനിനും രണ്ടാം സ്ഥാനമാണ് നൽകുന്നത്. എന്നല്ല, ഇത്തരക്കാരുടെ അംഗസംഖ്യ വർധിച്ചുകൊണ്ടിരിക്കുകയാണ്. അവർ ദൈവത്തിന്റെ സത്തയെതന്നെ നിഷേധിക്കുന്നവരാണ്. മതത്തെ ഒരു അനാവശ്യമായ വസ്തുവായിട്ടാണ് കരുതുന്നത്. പക്ഷേ, ഇങ്ങനെയുള്ള നേരത്തും അല്ലാഹുവിനെ അന്വേഷിച്ചു നടക്കുന്നവരുണ്ട്. അവർ അല്ലാഹുവിലേക്ക് മാർഗദർശനം നല്കുന്ന മതത്തെ അന്വേഷിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവുമായി ബന്ധംപുലർത്താനും സത്യമതത്തേയും ദീനിനേയും തിരിച്ചറിയാനും സത്യമായ ദീൻ അന്വേഷിച്ച് അതിൽ പ്രവേശിക്കാനും ആഗ്രഹിക്കുന്നവരാണ്. അതിനുവേണ്ടി അവർ പ്രാർഥിക്കുന്നു. അത് കിട്ടാത്തതുകൊണ്ട് അസ്വസ്ഥരാകുന്നു. നല്ലവരായ ദാസർ ഒരു വേദനയോടുകൂടി ഈ പരിശ്രമത്തിൽ മുഴുകുമ്പോൾ തീർച്ചയായും അല്ലാഹുവും അവർക്ക് മാർഗദർശനം നൽകുകയും നേരായ വഴി കാണിക്കുകയും വിവിധ മാർഗങ്ങളിലൂടെ സമാധാനപരവും യഥാർഥവുമായ ദീനിനെ മനസ്സിലാക്കാനുള്ള സാഹചര്യം അവർക്ക് ഒരുക്കിക്കൊടുക്കുകയും ചെയ്യുന്നു. അവരുടെ വിശ്വാസത്തിലും ദൃഢനിശ്ചയത്തിലും വർധനയുണ്ടാക്കുന്നു.

ഇക്കാലഘട്ടത്തിൽ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിനും അവന്റെ ദീനിനെ മനസ്സിലാക്കുന്നതിനും അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് നബി(സ) തിരുമേനിയുടെ സത്യസന്ധനായ ദാസന് മസീഹ് മൗഊദിന്റേയും മഹ്ദിയെ മഅ്ഹൂദിന്റേയും പദവി നൽകി അയക്കുകയും നിങ്ങളുടെ സത്യസന്ധവും യഥാർഥവുമായ പിടച്ചിലിനും സമാധാനത്തിനുമുള്ള സാഹചര്യമൊരുക്കുന്നതിന് വാഗ്ദത്തമസീഹിന്റെ ബയ്അത്തിൽ വരാൻ പറയുകയും ചെയ്തു. അങ്ങനെ അല്ലാഹുവിന്റെ സാമീപ്യത്തിന്റെ വഴികൾ കരസ്ഥമാക്കുക. നിങ്ങളുടെ ആരാധനകളുടെ യഥാർഥ്യത്തെ പ്രാപിക്കുക. നിങ്ങളുടെ ദുആകളുടെ സ്വീകാര്യതയുടെ ദൃശ്യങ്ങൾ കാണുക. അല്ലാഹു വിവിധരീതിയിൽ ആവേശം ഉൾക്കൊള്ളുന്നവർക്ക് സത്യത്തിലേക്ക് മാർഗനിർദേശം നല്കുന്നു. അവരുടെ ഈമാൻ വർധിപ്പിക്കുകയും ചെയ്യുന്നു.

അഹ്മദിയ്യാ ജമാഅത്തിന്റെ ഭൂതകാലവും വർത്തമാന കാലവും അത്തരം സംഭവങ്ങളാൽ നിറഞ്ഞു കിടക്കുകയാണ്. എല്ലാ ദിവസവും ലോകത്തിലെ ഏതെങ്കിലും ഗ്രാമത്തിലോ പട്ടണത്തിലോ രാജ്യത്തോ അത്തരം സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അത് പുതുതായി സന്മാർഗം പ്രാപിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ചേരുന്നവരുടെ ഈമാനിൽ വർധന ഉണ്ടാക്കുന്നതിന് നിമിത്തമാകുന്നുവെന്ന് മാത്രമല്ല അതിൽ ശക്തിയുമുണ്ടാക്കുന്നു. എന്നല്ല പഴയ അഹ്മദികളുടേയും ജന്മനാ അഹ്മദികളുടേയും ഈമാനേയും നവീകരിക്കുന്നു. അവരുടെ ഈമാൻ വർധിക്കുന്നതിനും നിമിത്തമാകുന്നു. ഈ നേരത്ത് എങ്ങനെയാണ് അല്ലാഹു തന്റെ കൃപകൊണ്ട് ഇക്കാലത്ത് ജനങ്ങൾക്ക് ഹിദായത്തിനുള്ള സാഹചര്യമൊരുക്കുന്നതെന്നതിനെ സംബന്ധിച്ച ചില സംഭവങ്ങൾ ഞാൻ വിവരിക്കുന്നതാണ്.

ഗാംബിയാ(Gambia)യിലെ അമീർ സാഹിബ് ഒരു സംഭവം വിവരിക്കുന്നു: നയാമീന ഈസ്റ്റ് ഡിസ്ട്രിക്റ്റി(Niamina East Dist)ലുള്ള ഗ്രാമത്തിലെ 65 വയസ്സുള്ള ഒരു സ്ത്രീ സിസ്റ്റർ കാനി ഫാട്ടി കഴിഞ്ഞ പത്ത് വർഷമായി കാലിന് സുഖമില്ലാതെ ബുദ്ധിമുട്ട് അനുഭവിച്ച് വരികയായിരുന്നു. ഒരിടത്തുനിന്നും അവർക്ക് ഗുണപ്രദമായ ചികിത്സ കിട്ടിയിരുന്നില്ല. ഈ ബുദ്ധിമുട്ട് കാരണത്താൽ അവർക്ക് നടക്കാനോ നീണ്ടുനിവർന്നു നിൽക്കാനോ സാധിച്ചിരുന്നില്ല. അങ്ങനെ ചികിത്സയുമായി ബന്ധപ്പെട്ട് തന്റെ ഗ്രാമത്തിൽനിന്ന് അകലെയുള്ള ബിൻസംഗ് (Bansang) പ്രദേശത്ത് പോയി. അവിടെ യാദൃശ്ചികമായി എം.ടി.എയിൽ എന്റെ ഖുത്ബ കേൾക്കുന്നതിന് അവർക്ക് അവസരം കിട്ടി. അവർ തിരിച്ച് ഗ്രാമത്തിൽ വന്നപ്പോൾ, 'നീ ടിവിയിൽ കണ്ടയാളുടെ പിന്നാലെ നടക്കണമെന്നും അയാൾ ശരിയായതും മോക്ഷത്തിനുള്ളതുമായ വഴി നിനക്ക് പറഞ്ഞുതരും' എന്നും സ്വപ്നത്തിൽ അവരോട് പറയപ്പെട്ടു. അങ്ങനെ അവർ ആ സ്വപ്നം കണ്ടതിനുശേഷം ബയ്അത്ത് ചെയ്തു. അമീർ സാഹിബ് എഴുതുന്നു: 'ബയ്അത്ത് ചെയ്ത താമസമേയുണ്ടായുള്ളു, അവരുടെ കാലിലെ ബുദ്ധിമുട്ട് അകന്നുപോയി. ഇക്കാരണത്താൽ അവരുടെ വിശ്വാസം വർധിച്ചു. ഇപ്പോൾ അവർ ഗ്രാമം മുഴുവൻ തബ്ലീഗ് ചെയ്യുകയാണ്. അഹ്മദിയ്യാ ജമാഅത്തിൽ ചേർന്ന അനുഗ്രഹംകൊണ്ട് എങ്ങനെയാണ് തന്റെ

ബുദ്ധിമുട്ട് അകന്നതെന്ന് അവർ ആളുകൾക്ക് പറഞ്ഞുകൊടുക്കുന്നു. ഒരുവന്റെ നന്മ കാരണത്താൽ അല്ലാഹുവും അവനെ രക്ഷിക്കാൻ ആഗ്രഹിക്കുന്നു. അല്ലെങ്കിൽ ആരുടെയെങ്കിലും എന്തെങ്കിലും നന്മ ഇഷ്ടപ്പെടുന്ന കാരണത്താൽ അവന് അത്ഭുതകരമായ നിലയിൽ മാർഗദർശനം നല്കുന്നു. ഇത് ഗ്രാമവാസിയായ ഒരു ജാഹിലും നിരക്ഷരയുമായ സ്ത്രീയാണെന്നും അവളുടെ മനസ്സിലെ തോന്നലായിരിക്കുമെന്നും ഭൗതികനായ ഒരു മനുഷ്യൻ പറയാനിടയുണ്ട്. പക്ഷേ, ആർക്കാണോ അല്ലാഹു ഈമാനിന്റെ സമ്പത്ത് നല്കി അതിൽ കരുത്ത് പകരുന്നത് അവർ അത്തരം ഭൗതികരായവരെ ജാഹിലായി മനസ്സിലാക്കുന്നു.

ഇപ്രകാരം പശ്ചിമാഫ്രിക്കയിലെ ഫ്രഞ്ച് സംസാരിക്കുന്ന ഒരു രാജ്യമാണ് ബുർക്കിനാ ഫാസോ (Burkina Faso) . അത് സഹാറായോടടുത്താണ്. എന്നല്ല കുറച്ചുഭാഗവും അതിൽപ്പെട്ടതാണ്. ഈ വിദൂര രാജ്യത്ത് താമസിക്കുന്ന ഒരാൾക്ക് -വെറും രാജ്യം മാത്രമല്ല ദുരത്തുള്ളത് മറിച്ച് ആ രാജ്യത്തിലെ വളരെ ചെറിയൊരു കസബയിൽ, അല്ലെങ്കിൽ ഗ്രാമവാസിയായ ഒരാൾക്ക് അല്ലാഹു എങ്ങനെയാണ് മാർഗദർശനം നല്കിയത്. ഇതുസംബന്ധമായി മുബല്ലിഗ് ഇൻചാർജ് എഴുതുന്നു: ലിയോ(Leo) റീജ്യണിലെ ഒരു ജമാഅത്തിലെ ഒരു സ്നേഹിതനായ സവാഡോഗോ (Sawadogo)സാഹിബ് ജർമനി ജൽസസാലാനയ്ക്കുശേഷം അഹ്മദിയ്യത്ത് സ്വീകരിച്ചു. അദ്ദേഹം മുടങ്ങാതെ അഹ്മദിയ്യാ ജമാഅത്തിന്റെ റേഡിയോ കേൾക്കാറുണ്ടായിരുന്നുവെന്ന് പറഞ്ഞു. ജമാഅത്തിന്റെ ഏതെങ്കിലും സംഘം അദ്ദേഹത്തിന്റെ ഗ്രാമത്തിൽ തബ്ലീഗിന് ചെന്നാൽ ഗ്രാമത്തിലെ സ്വാധീനമുള്ള ആളെന്ന കാരണത്താൽ പറയുന്നു, ഞാൻ അവരെ നല്ലവണ്ണം ശ്രദ്ധിച്ചിരുന്നു. തബ്ലീഗ് ചെയ്യാനുള്ള സാഹചര്യവും ഒരുക്കുമായിരുന്നു. ഇദ്ദേഹം അഹ്മദിയായിരുന്നില്ല. പക്ഷേ, അഹ്മദികളോടു സഹതാപമുള്ള വ്യക്തിയായിരുന്നു. കുറച്ചു കാലത്തിനുശേഷം മൗലവിമാർ ഇതിനെക്കുറിച്ച് അറിഞ്ഞു. അദ്ദേഹം പറയുന്നു:'ആ മൗലവി എന്റെയടുത്ത് വന്നിട്ട് പറഞ്ഞു:'താങ്കൾ അഹ്മദിയ്യാ റേഡിയോ ഒട്ടും കേൾക്കാതിരിക്കുക. അഹ്മദികളുമായി ഇടപഴകരുത്. കാരണം ഇവർ താങ്കളുടെ ഇസ്ലാമിനെ നശിപ്പിച്ചുകളയും.' അദ്ദേഹം പറയുന്നു: 'മൗലവിമാരുടെ സംസാരം കാരണത്താൽ ഞാൻ അവരുമായിട്ടുള്ള സമ്പർക്കം ഉപേക്ഷിച്ചു. അഹ്മദിയ്യാ റേഡിയോ കേൾക്കുന്നതും നിറുത്തി. കുറച്ചു കാലത്തിനുശേഷം യാദൃച്ഛികമായി ഒരു യാത്ര കഴിഞ്ഞ് ഞാൻ മടങ്ങി വരികയായിരുന്നു. നമസ്കരിക്കുന്നതിനുവേണ്ടി ഒരു മസ്ജിദിൽനിന്നു. അതൊരു ചെറിയ ഗ്രാമമായിരുന്നു. അവിടെ മസ്ജിദുണ്ടായിരുന്നു. നമസ്കാരം ആരംഭിച്ചു കഴിഞ്ഞിരുന്നു. അതുകൊണ്ട് വേഗം വേഗം വുളു ചെയ്തു. ആ നേരത്ത് വേറൊരാൾ മസ്ജിദിൽ വന്നു. ഇത് അഹ്മദികളുടെ ഗ്രാമമാണെന്നും ഈ മസ്ജിദും അഹ്മദികളുടേതാണെന്നും അയാൾ പറഞ്ഞു. അദ്ദേഹം പറയുന്നു, ഇതു കേട്ടുടനെ ഞാൻ എവിടെയാണ് കുടുങ്ങിയതെന്ന് ചിന്തിക്കാൻ തുടങ്ങി. ഞാൻ വളരെ കാലമായി ഇവരെ ഒഴിവാക്കുകയായിരുന്നു. അവരുടെ നമസ്കാരം കഴിഞ്ഞാൽ എനിക്ക് തനിച്ചു നമസ്കരിക്കാം എന്നു കരുതി പിന്നീട് ഞാൻ മെല്ലെ മെല്ലെ വുളു ചെയ്യാൻ തുടങ്ങി.' എന്തായാലും അദ്ദേഹത്തിന് അവിടെ നമസ്കരിക്കേണ്ടി വന്നു. അല്ലാഹുവിന് അദ്ദേഹത്തിന്റെ ഏതെങ്കിലും കർമം ഇഷ്ടപ്പെട്ടിട്ടുണ്ടാകും. അതുകൊണ്ടാണ് നമ്മുടെ മസ്ജിദിൽ നമസ്കരിക്കാൻ അദ്ദേഹം നിർബന്ധിതനായത്. എന്തായാലും അദ്ദേഹം പറയുന്നു:'ആ രാത്രി ഞാൻ സ്വപ്നം കണ്ടു. വളരെ വലിയൊരു ജനക്കൂട്ടമാണ്. അതിനുള്ളിൽനിന്നുകൊണ്ട് ഞാൻ ആളുകളെ മാറ്റുകയാണ്. അങ്ങനെ മാറ്റി ഞാൻ മുമ്പോട്ടുചെന്നുനോക്കുമ്പോൾ കാണുന്നത് അവിടെ ഒരാൾ നില്ക്കുന്നതാണ്. ആയിരക്കണക്കിനാളുകൾ അദ്ദേഹത്തിന്റെ ചുറ്റും നില്ക്കുന്നുണ്ട്. ആളുകളുടെ ഇടയിൽനില്ക്കുന്നത് ആരാണെന്ന് ഞാൻ ആരോടോ ചോദിച്ചു. അപ്പോൾ അയാൾ പറഞ്ഞു:'ഈ വ്യക്തി പറയുന്ന കാര്യങ്ങൾ താങ്കൾ കേൾക്കേണ്ടതാണ്. മൗലവിമാർ നിന്നെ യഥാർഥ വഴിയിൽനിന്ന് മാറ്റിക്കളഞ്ഞു.' അദ്ദേഹം പറയുന്നു, ആ നേരത്ത് എന്റെ കണ്ണുകൾ തുറന്നു. എന്നിൽ ആ സ്വപ്നം എത്രമാത്രം സ്വാധീനം ചെലുത്തിയെന്നാൽ ഞാൻ വീണ്ടും അഹ്മദികളുമായി ബന്ധം വെക്കാൻ തുടങ്ങി. പിന്നീടൊരു ദിവസം മിഷൻ ഹൗസിലേക്ക് ഫോൺ ചെയ്ത് മുറബ്ബി സാഹിബിനോടു ഞാൻ ബയ്അത്ത് ചെയ്യാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞു. ഇന്ന ദിവസം മിഷൻ ഹൗസിൽ വരാൻ മുറബ്ബി സാഹിബ് പറഞ്ഞു. അദ്ദേഹം പറയുന്നു: ഞാൻ നിശ്ചിത ദിവസം മിഷൻഹൗസിലെത്തിയപ്പോൾ അവിടെ എല്ലാവരും ടി വിയിൽ എന്തോ കണ്ടുകൊണ്ടിരിക്കുകയായിരുന്നു. ഞാനും മുന്നോട്ടു നീങ്ങി ടി .വി കാണാൻ തുടങ്ങി. ആ ദൃശ്യംകണ്ട് ഞാൻ അത്ഭുതപ്പെട്ടുപായി. കാരണം ഞാൻ സ്വപ്നത്തിൽ കണ്ട അതേ ദൃശ്യമായിരുന്നു ടി.വിയിൽ കണ്ടത്. ഞാൻ ചോദിച്ചപ്പോൾ മുറബ്ബി സാഹിബ് എന്നോടു പറഞ്ഞു, 'ഇത് ജൽസസാലാനയുടെ സമാപന പരിപാടിയാണ്. ഞങ്ങളുടെ ഖലീഫ അതിൽ പ്രസംഗിക്കുകയാണ്.' ഉടനെ എന്റെ ബയ്അത്ത് വാങ്ങുക എന്ന് അപ്പോൾ ഞാൻ മുറബ്ബി സാഹിബിനോടു പറഞ്ഞു. അദ്ദഹം പറയുന്നു: 'അല്ലാഹുവാണ് സത്യം. ഇതേ ദൃശ്യവും ഇതേ വ്യക്തിയേയും തന്നെയാണ് ഞാൻ സ്വപ്നത്തിൽ കണ്ടത്.' അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം തന്റെ ഭാര്യാമക്കളോടൊപ്പം അഹ്മദിയായി കഴിഞ്ഞിരിക്കുന്നു. കൂടുതൽ ഗ്രാമവാസികൾക്ക് തബ്ലീഗ് ചെയ്തുവരികയുമാണ്.

ഇപ്രകാരം വ്യക്തിപരമായ അനുഭവങ്ങളിലൂടെ കടന്നുവരുകയും അല്ലാഹുവിന്റെ മാർ ഗദർശനം ലഭിക്കുകയും ചെയ്യുന്നവൻ തീർച്ചയായും തന്റെ വിശ്വാസത്തിൽ ശക്തി കരസ്ഥമാക്കിക്കൊണ്ടുപോകുന്നു. തങ്ങൾ എങ്ങനെയാണ് അല്ലാഹുവിൽനിന്ന് സംതൃപ്തി പ്രാപിച്ചും അടയാളം കണ്ടും ബയ്അത്ത് ചെയ്തതെന്നും തങ്ങളുടെ ഈമാനെ ആർക്കും ഇളക്കാൻ കഴിയുകയില്ലെന്നും തങ്ങൾക്ക് കൂടുതൽ ഒരു തെളിവിന്റേയും ആവശ്യമില്ലെന്നും എനിക്ക് ഒരുപാടാളുകൾ എഴുതാറുണ്ട്. ചിലയാളുകൾ എതിർപ്പിൽ എത്രമാത്രം ശാഠ്യക്കാരാണെന്നാൽ ബുദ്ധിപരമായ കാര്യം കേൾക്കാൻതന്നെ അവർ ഇഷ്ടപ്പെടുന്നില്ല. പക്ഷേ, അഹങ്കാരത്തിൽ വലുതാകാത്ത ആളുകളുമുണ്ട്. അവരിൽ കുറച്ച് മനുഷ്യത്വമുണ്ട്. അത്തരക്കാർക്ക് പിന്നീട് അല്ലാഹു മാർഗദർശനം നൽകുന്നു. അവർ ഈ മാർഗദർശനത്തിൽനിന്ന് ഫലമെടുക്കുകയാണെങ്കിൽ അല്ലാഹുവിന്റെ കൃപാകടാക്ഷങ്ങളുടെ അനന്തരാവകാശികളായിത്തീരുന്നതാണ്. ഇത്തരമൊരു സംഭവം സിറിയയിലെ ഒരാൾക്കുണ്ടായി. ആദ്യം അദ്ദേഹം കഠിനമായി ജമാഅത്തിനെ എതിർത്തിരുന്നു. പിന്നീട് യാഥാർഥ്യം കണ്ടെത്തുന്നതിനുവേണ്ടി അല്ലാഹുവിൽനിന്ന് മാർഗദർശനം തേടണമെന്ന ചിന്ത അദ്ദേഹത്തിലുണ്ടായി. എന്നല്ല അല്ലാഹു ചിന്ത ഉണ്ടാക്കി. പിന്നീട് അല്ലാഹുവിൽനിന്ന് അദ്ദേഹത്തിന് മാർഗദർശനം ലഭിക്കുകയും ചെയ്തു.

അഹ്മദ് സാഹിബ് സിറിയയിലെ ഒരാളാണ്. അദ്ദേഹം പറയുന്നു: അഹ്മദികളുമായി എനിക്ക് ബന്ധങ്ങളുണ്ടായിരുന്നു. അവരോടൊപ്പം ഇരിക്കുക, എഴുന്നേൽക്കുക തുടങ്ങിയവയൊക്കെ. വെളിയിൽ അവരെ കാണുകയോ അവർ എന്റെ വീട്ടിൽ വരികയോ ചെയ്യാറുണ്ടായിരുന്നു. ഞാൻ ഒരുപാട് കാര്യങ്ങൾ അംഗീകരിച്ചിരുന്നു. പക്ഷേ, ഈസാനബിയുടെ മരണത്തിൽ വന്ന് നിലച്ചുപോകും. അതിന് കാരണം ഒരു ദീർഘകാലമായി ഈസാമസീഹ് ആകാശത്തുനിന്നിറങ്ങുമെന്നുള്ള പ്രതീക്ഷയിലായിരുന്നു ഞാൻ. അങ്ങനെ മസീഹിന്റെ സൈന്യത്തിൽ ചേർന്ന് ബയ്ത്തുൽമുഖദ്ദസിനെ മോചിപ്പിക്കണമെന്നുള്ളത് എന്റെ ദീർഘകാല ആഗ്രഹമായിരുന്നു. ഈസാനബിയുടെ മരണത്തെ സംബന്ധിച്ച് കേട്ട് എന്റെ മുമ്പേയുള്ള ജിഹാദിന്റെ എല്ലാ സങ്കല്പങ്ങളും പാഴായിപ്പോയി. മസീഹ് ആകാശത്തുനിന്നിറങ്ങുന്നില്ലെങ്കിൽ പിന്നെ ഞാൻ എങ്ങനെ ജിഹാദ് ചെയ്യും?' പറയുന്നു: 'ഒരു ദിവസം എന്റെ വീട്ടിൽ ചില അഹ്മദീസഹോദരങ്ങൾ ഇരിക്കുകയായിരുന്നു. അവരിൽ മുഅ്തസിൽ ഖസഖ് സാഹിബുമുണ്ടായിരുന്നു. അതിനിടയിൽ ഈസാനബിയുടെ മരണത്തെ സംബന്ധിച്ച വിഷയത്തിൽ സംസാരമുണ്ടായി. ഞാൻ പറഞ്ഞു, 'അഹ്മദികളായ നിങ്ങളോട് അല്ലാഹുവിനെ മധ്യവർത്തിയാക്കിക്കൊണ്ട് ഞാൻ പറയട്ടെ, ഇനിമേലാൽ ഈസാമസീഹിന്റെ മരണത്തെ സംബന്ധിച്ച വിഷയത്തിൽ ഞാനുമായി സംസാരിക്കരുത്.' അപ്പോൾ ഖസഖ് സാഹിബ് പറഞ്ഞു: 'എനിക്കുമുള്ളത് ഒരു അപേക്ഷയാണ്. താങ്കൾ അല്ലാഹുവിനോട് ഇതിനെ സംബന്ധിച്ച് മാർഗദർശനം കിട്ടാൻ ദുആ ചെയ്യുക.' പറയുന്നു: 'അദ്ദേഹം പറഞ്ഞ ഇക്കാര്യം എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ഞാൻ അന്ന് വൈകുന്നേരം മുതൽ അല്ലാഹുവിന്റെ തിരുസന്നിധിയിൽ സുജൂദിൽ കിടന്ന് കരഞ്ഞ് കരഞ്ഞ് ദുആ ചെയ്യാൻ തുടങ്ങി. അങ്ങനെ രാത്രിയിൽ സ്വപ്നം കണ്ടു. 'ഞാൻ ഏതോ ഒരു ഉയർന്ന സ്ഥലത്തേക്ക് യാത്ര ചെയ്തുകൊണ്ടിരിക്കുകയാണ്. വഴിയിൽ, തൊട്ടാൽപൊടിയുന്ന തരത്തിലുള്ള മൺകട്ട കിടന്നിരുന്നു. അതിൽ ചുവടുവെച്ചുടനെ ഇതെന്നെ ഏതെങ്കിലും കൊക്കയിലേക്ക് തള്ളിയിടുമെന്ന് തോന്നി. ആ പരിഭ്രാന്താവസ്ഥയിൽ ഒരാൾ എന്റെ തോളിൽ പിടിച്ചു പൊക്കിയെടുത്തുകൊണ്ട് പറഞ്ഞു: 'അബൂഹസൻ ഇനി ആ സ്ഥലത്ത് പോകരുത്. ഈസാ(അ) മരണപ്പെട്ടുകഴിഞ്ഞുവെന്ന് നീ ദൃഢമായി വിശ്വസിക്കുക.' പിന്നീട് അയാൾ പറഞ്ഞു: 'ഇനി നീ നിന്റെ വഴിയെ നടന്നുകൊള്ളുക.' ഞാൻ ഉണർന്നപ്പോൾ എന്റെ അഹ്മദീ സഹോദരനോട് എനിക്ക് മുഅ്തസിൽ ഖസഖ് സാഹിബിന്റെയടുത്ത് പോകണമെന്ന് ഫോൺ ചെയ്തു പറഞ്ഞു. അങ്ങനെ ഞങ്ങൾ ഇരുവരും മുഅ്തസിൽ സാഹിബിന്റെ വീട്ടിലെത്തി. വീട്ടിൽ പ്രവേശിച്ചയുടനെ ഒരു ഫോട്ടോ കണ്ട് ഞാൻ അമ്പരന്നുപോയി. ഇതാരുടെ ചിത്രമാണെന്ന് ഞാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞു, 'ഇത് ഹദ്റത്ത് വാഗ്ദത്ത മസീഹിന്റേയും മഹ്ദി ഇമാമിന്റേയും ഫോട്ടോയാണ്.' 'അതു കേട്ടുടനെ എനിക്ക് ബയ്അത്ത് ചെയ്യണമെന്ന് ഞാൻ പറഞ്ഞു. കാരണം മുറിയിൽ തൂക്കിയിട്ടിരുന്ന ഈ ചിത്രത്തിലെ വ്യക്തിയാണ്, സ്വപ്നത്തിൽ ഇളകിയ മണ്ണിൽനിന്ന് എന്റെ തോളിൽ പിടിച്ചുപൊക്കിയെടുത്തുകൊണ്ട് ഹദ്റത്ത് ഈസാ(അ) മരിച്ചുപോയിരിക്കുന്നു എന്ന് പറഞ്ഞത്.'

ഞാൻ പറഞ്ഞതുപോലെ അല്ലാഹു വിവിധ മാർഗങ്ങളിലൂടെ ദീനിനെ മസ്സിലാക്കുന്നതിനും സത്യത്തെ പ്രാപിക്കുന്നതിനുംവേണ്ടി വഴികൾ തുറക്കുന്നു. ചിലപ്പോൾ സ്വപ്നങ്ങൾ മുഖേന. ചിലപ്പോൾ പ്രബോധനം മുഖേന. ചിലപ്പോൾ ആർക്കെങ്കിലും അഹ്മദിയ്യ ജമാഅത്തിൽനിന്ന് ഇസ് ലാമിന്റെ യഥാർഥ അധ്യാപനത്തെ കുറിച്ച് ഏതെങ്കിലും ഗ്രന്ഥമോ സാഹിത്യമോ ലഭിച്ചാൽ അത് വായിച്ച് ഹിദായത്ത് ലഭിക്കുന്നു. ചിലപ്പോൾ ഏതെങ്കിലും അഹ്മദിയുടെ സൽസ്വഭാവത്തിൽ ആകർഷിതനായി അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാം സ്വീകരിക്കുന്നു.ഇക്കാലത്ത് എം.ടി.എ മുഖേനയും യഥാർഥ ഇസ്ലാമിനെക്കുറിച്ചറിഞ്ഞ് അഹ്മദിയ്യത്തിൽ പ്രവേശിക്കുന്നവരായി ധാരാളമാളുകൾ ഉണ്ട്.

ബെനി(Benin)നിലെ മുബല്ലിഗ് എഴുതുന്നു: ബഹുദൈവാരാധകനായിരുന്നു ഒരു പ്രദേശത്തെ ചീഫ്. അദ്ദേഹത്തെ തബ്ലീഗ് ചെയ്തു. അങ്ങനെ അദ്ദേഹം അഹ്മദിയായി യഥാർഥ ഇസ്ലാമിൽ പ്രവർത്തിക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ നാട്ടിൽ ഒരു മസ്ജിദിന്റെ ഉൽഘാടനാവസരത്തിൽ അദ്ദേഹം ചെയ്ത പ്രസംഗത്തിന്റെ കുറച്ച് ഭാഗം ഞാൻ കേൾപ്പിക്കുകയാണ്. അദ്ദേഹം പറയുന്നു: 'അനഹ്മദികൾ എന്തിനാണ് അഹ്മദിയ്യാ ജമാഅത്തിനെ എതിർക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇന്ന് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ് ഇസ്ലാമിന്റെ സന്ദേശം ലോകത്തിന്റെ അറ്റങ്ങളോളം എത്തിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ ഒരു വർഷം മുമ്പേ ബഹുദൈവ വിശ്വാസിയായിരുന്നു. ബഹുദൈവ വിശ്വാസികളുടെ രാജാവായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ മുബല്ലിഗ് എന്റെ ചിന്താഗതി മാറ്റി. ഇസ്ലാമിന്റെ ശരിയായ മുഖം എനിക്ക് കാണിച്ചു. അങ്ങനെ ഞാൻ ഇസ്ലാമിൽ പ്രവേശിച്ചു. അഹ്മദിയ്യാ ജമാഅത്ത് ക്രിസ്ത്യാനികളേയും ബഹുദൈവ വിശ്വാസികളേയും ഇസ്ലാമിൽ കൊണ്ടുവരുന്നതുകൊണ്ട് നിങ്ങൾക്കുള്ള ബുദ്ധിമുട്ടെന്താണ്? ഈ മസ്ജിദ് എല്ലാ ആളുകൾക്കുംവേണ്ടിയും തുറന്നുകിടക്കുന്നു. അല്ലാഹുവിനെ ആരാധിക്കുന്നതി

നുവേണ്ടി ഒരു ക്രിസ്ത്യാനിതന്നെയും ഈ മസ്ജിദിൽ വന്നാൽ അയാളെയും തടയുകയില്ല. നിങ്ങൾ എതിർപ്പ് ഉപേക്ഷിക്കുക. ഇതിന്റെ ഉള്ളിൽ വന്നു നോക്കുക. ഇവിടെ വെറും സ്നേഹത്തിന്റേയും സമാധാനത്തിന്റേയും സാഹോദര്യത്തിന്റേയും പാഠമായിരിക്കും ലഭിക്കുന്നത്. അഹ്മദിയ്യാ ജമാഅത്ത് ലോകത്തിന്റെ ക്ഷേമം മാത്രമാണ് ആഗ്രഹിക്കുന്നത്.' അദ്ദേഹം പറഞ്ഞു:'ഇവിടെ മസ്ജിദിനടുത്ത് ഒരു വീടുണ്ടാക്കണമെന്നും ഇവിടെ വരുന്ന എല്ലാവരോടും അഹ്മദിയ്യാ ജമാഅത്ത് സത്യഇസ്ലാമാണെന്ന് പറയണമെന്നുമാണ് എന്റെ ആഗ്രഹം.'

ഒരുഭാഗത്ത് ഇസ്ലാമിന്റെ പേരിൽ ഫിത്നയും ഫസാദുമുണ്ടാക്കിക്കൊണ്ടിരിക്കുന്ന ഉലമാനേതാക്കന്മാരാണുള്ളത്. അവർ അഹങ്കാരത്തിൽ തിമിർക്കുകയാണ്. തങ്ങളുടെ തൻപ്രമാണിത്തം കാരണത്താൽ മുസ്ലീംകളെക്കൊണ്ട് മുസ്ലീംകളെ കൊന്നുകൊണ്ടിരിക്കുന്നു. മറുഭാഗത്ത് ഒരു ബഹുദൈവാരാധകനെ അയാൾ ചെയ്ത ഏതോ നന്മ അല്ലാഹുവിന് ഇഷ്ടപ്പെട്ടിട്ടോ അല്ലെങ്കിൽ അദ്ദേഹത്തിൽ കൃപചൊരിഞ്ഞോ ഇസ്ലാമികാധ്യാപനമനുസരിച്ച് കർമം ചെയ്യുന്നുവെന്ന് വാദിക്കുന്നതിനും ഇസ്ലാമിന്റെ യഥാർഥമായ അധ്യാപനം പറയുന്നതിനും കുഴപ്പങ്ങളിൽനിന്നും കലഹങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനുള്ള പാഠങ്ങൾ നൽകുന്നതിനുംവേണ്ടി എഴുന്നേൽപിച്ചുനിറുത്തുന്നു. ഇതാണ് അല്ലാഹുവിന്റെ പ്രവൃത്തി. മനുഷ്യൻ വിനയനാകുകയാണെങ്കിൽ അല്ലാഹു അനുഗ്രഹം ചൊരിയുന്നു. ഇനി അഹങ്കാരത്തിൽ മുന്നോട്ടുപോകുകയാണെങ്കിൽ ലക്ഷം പ്രാവശ്യം നമസ്കരിച്ചാലും ദുആകൾ ചെയ്താലും തന്നെ നല്ലവനെന്ന് മനസ്സിലാക്കിയാലും ഹാജിയാണെങ്കിലും അല്ലാഹുവിൽനിന്ന് സന്മാർഗം ലഭിക്കുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ ജനങ്ങൾ വരികയും യഥാർഥമായ ഇസ്ലാമിന്റെ രുചി ആസ്വദിക്കുകയും ചെയ്യുമ്പോൾ പിന്നീട് അവരുടെ അവസ്ഥകളിൽ എന്ത് മാറ്റമാണുണ്ടാകുന്നത്, എന്നതിനെ സംബന്ധിച്ച് ഒരു സംഭവം നമ്മുടെ ഒരു മുബല്ലിഗ് എഴുതുന്നു: കാമറൂൺ(Cameroon)പര്യടനവേളയിൽ ഒരു റിട്ടയേർഡ് പട്ടാളക്കാരൻ ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചു. ആ പട്ടാളക്കാരന്റെ ബന്ധം ബേമോൻ (Bemoun) ഗോത്രവുമായിട്ടായിരുന്നു. അവിടത്തെ രാജാവ് കഴിഞ്ഞവർഷം യു.കെയിലെ ജൽസസാലാനയിൽ പങ്കെടുത്തിരുന്നു. ഇപ്രാവശ്യം കാമറൂണിൽ പര്യടനം നടത്തിയപ്പോൾ ആ സാഹിബുമായി വീണ്ടും കൂടിക്കാഴ്ച നടന്നു. താൻ മസ്ജിദിനുവേണ്ടി ഒരു പ്ലോട്ട് കൊടുക്കാൻ ആഗ്രഹിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ഞാനും സ്വദർ സാഹിബും ജമാഅത്തിന്റെ പ്ലോട്ട് നോക്കുന്നന്നതിനുവേണ്ടി പോയി. അപ്പോൾ കണ്ടത് അദ്ദേഹം ആ പ്ലോട്ടിൽ ഒരു അടിത്തറ ആദ്യമേതന്നെ ഇട്ടുവച്ചിരിക്കുന്നതാണ്. അവിടെ നിർമാണപ്രവർത്തനം നടന്നുവരുന്നുണ്ട്. അദ്ദേഹം പറഞ്ഞു: 'എന്റെ പരേതനായ പിതാവിനെ ഞാൻ സ്വപ്നത്തിൽ കണ്ടു.'നീ ഈ സ്ഥലത്ത് നിന്റെ വീടുണ്ടാക്കാതെ ഇവിടെ മസ്ജിദുണ്ടാക്കുക' എന്ന് അദ്ദേഹം എന്നോടു പറഞ്ഞു. അങ്ങനെ ജമാഅത്ത് ഇവിടെ മസ്ജിദ് നിർമിക്കുന്നതിന് ഈ പ്ലോട്ടും ബിൽഡിംഗും ജമാഅത്തിന്റെ പേരിൽ ആക്കാമെന്ന് ഞാൻ തീരുമാനിച്ചു.' ഇത് വലിയൊരു പ്ലോട്ടാണ്. ഏകദേശം ആയിരം ചതുരശ്രമീറ്റർ വരും. അദ്ദേഹം പ്ലോട്ടിന്റെ പേപ്പറുകളെല്ലാം ജമാഅത്തിന്റെ പേരിലാക്കിയിട്ടുണ്ട്. ഇൻശാ അല്ലാഹ് മസ്ജിദിന്റെ നിർമാണം നടക്കുന്നതാണ്.

ഇസ്ലാമിനുവേണ്ടി വേദനിക്കുകയും ദൂരപ്രദേശത്ത് താമസിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയുടെ ദുആ അല്ലാഹു എങ്ങനെ കേട്ടു എന്നതിനുള്ള ഒരു സംഭവം വിവരിക്കുന്നു: ഇസ്ലാമിന്റെ യഥാർഥമായ അധ്യാപനം നടപ്പിൽവരുത്തുന്നതിന് ഒരു അഹ്മദി മുബല്ലിഗിനെ അദ്ദേഹത്തിന്റെ അടുത്ത് അയച്ചു. ഐവറികോസ്റ്റിലെ ഒരു മുഅല്ലിം എഴുതുന്നു: ഐവറികോസ്റ്റിലെ അബ്നഗറോം (Abengourou)റീജിയണിലെ വളരെ ദൂരത്തുള്ള ഗ്രാമമായ യാദുക്രൊയിൽ (Yadukro)നിന്ന് സഈദോ സാഹിബ് വിവരിക്കുന്നു: അദ്ദേഹത്തിന്റെ ഗ്രാമത്തിൽ ഇസ്ലാം അദ്ദേഹത്തിന്റെ പിതാമഹൻ മുഖേനയാണ് വന്നത്. പക്ഷേ, പതുക്കെപ്പതുക്കെ ആളുകൾ ഇസ്ലാമിൽനിന്ന് അകന്നുപോയി. അവസാനം ഇസ്ലാം നാമമാത്രമായിത്തീർന്നു. സഈദോ സാഹിബ് പറയുന്നു:'ഗ്രാമവാസികൾ ഇസ്ലാമിന്റെ യഥാർഥമായ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നവരാകാൻ ഞാൻ എപ്പോഴും ദുആ ചെയ്യാറുണ്ടായിരുന്നു. 2016ലെ അനുഗൃഹീത റമദാനിന്റെ തുടക്കത്തിൽ ഇങ്ങനെ ദുആ ചെയ്ത് ചെയ്ത് എന്റെ കണ്ണുകളിൽ കണ്ണീർ വന്നു. വളരെ വേദനയോടെയാണ് ഞാൻ ദുആ ചെയ്തത്. അതിന് ഒന്നുരണ്ട് ദിവസം കഴിഞ്ഞപ്പോൾ അഹ്മദിയ്യാ ജമാഅത്തിന്റെ മുബല്ലിഗ് ഞങ്ങളുടെ ഗ്രാമത്തിൽ വരികയും ജമാഅത്തിനെ പരിചയപ്പെടുത്തുകയും ചെയ്തു. വളരെ ദൂരത്തുള്ള ഞങ്ങളുടെ ഈ സ്ഥലത്ത് ഒരു ദാഈഇലല്ലാ ഇപ്രകാരം ഇസ്ലാമിന്റെ പുനരുഥാന സന്ദേശവുമായി വന്നിരിക്കുന്നുവെന്ന കാര്യം എന്റെ ഈമാന് ദൃഢത ഉണ്ടാക്കുന്നതായിരുന്നു. ജമാഅത്തിന്റെ മുബല്ലിഗിന്റെ ഈ പര്യടനവേളയിൽ ഗ്രാമത്തിലെ 55 ആളുകൾ ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിച്ചു. ഇപ്രകാരം അഹ്മദിയ്യാ ജമാഅത്ത് മുഖേന ഇന്ന് ഞങ്ങൾ ഇസ്ലാമിന്റെ ശരിയായ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നവരാണ്.'

അല്പം ചിന്തിച്ചുനോക്കുക. ഒരു ഭാഗത്ത് വികസിതരാജ്യങ്ങളിൽ വസിക്കുന്ന ആളുകൾ മതാധ്യാപനങ്ങൾ മറന്നുകൊണ്ട് ഭൗതികകാര്യങ്ങൾക്കുവേണ്ടി അസ്വസ്ഥരാകുന്നു. മറുഭാഗത്ത് വളരെ ദൂരെ ആഫ്രിക്കൻ ദേശത്ത് വസിക്കുന്ന ആൾ -അദ്ദേഹത്തിന്റെ ഗ്രാമത്തിലെത്താൻ നല്ലൊരു വഴിപോലുമില്ല. എന്നല്ല, ഭൗതികമായ എല്ലാ കാര്യങ്ങളിൽനിന്നും അവർ പിന്തള്ളപ്പെട്ടുകിടക്കുന്നവരാണ്- പക്ഷേ, ഒരാവേശം മനസ്സിൽവച്ചുകൊണ്ട്, 'ഇസ്ലാമിന്റെ അധ്യാപനം ഇവിടെ അവസാനിച്ചുകൊണ്ടിരിക്കുകയാണ്, ഇസ്ലാമിന്റെ അധ്യാപനങ്ങളിൽ വീണ്ടും നിലനില്ക്കുന്നതിനുവേണ്ടി തങ്ങൾക്ക് ആരെയെങ്കിലും അയച്ചുതരേണമേ 'എന്ന് അല്ലാഹുവിനോട് ദുആ ചെയ്യുന്നു. ശേഷം അല്ലാഹുവിന്റെ വിധിയാൽ മുഹമ്മദീ മസീഹിന്റെ ഒരു ദാസൻ ആ പ്രദേശത്ത് എത്തുകയും അവർക്ക് ഇസ്ലാമിനെക്കുറിച്ച് പറഞ്ഞുകൊടുക്കുകയും ചെയ്യുന്നു. കാരണം ഇന്ന് ലോകത്ത് യഥാർഥ ഇസ്ലാം ആർക്കെങ്കിലും പഠിപ്പിച്ചുകൊടുക്കാൻ കഴിയുമെങ്കിൽ അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുകയും അവിടന്ന് മുഖേന ഇസ്ലാമിന്റെ യാഥാർഥ്യം അറിയുകയും ചെയ്യുന്ന ആൾക്ക് മാത്രമേ സാധിക്കുകയുള്ളു.

വേദനയോടുകൂടി ഇസ്ലാമിന്റെ യഥാർഥ അധ്യാപനം ലോകത്ത് പ്രചരിപ്പിക്കുകയും അത് ഓരോരോ വ്യക്തിവരേയും എത്തിക്കുന്നതിന് ദുആ ചെയ്യുകയും പരിശ്രമിക്കുകയും ചെയ്യുക എന്നത് നമ്മളിൽ ഓരോരുത്തരുടേയും ജോലിയാണ്. പറയാൻ ഒരുപാട് സ്ഥാപനങ്ങളുണ്ട്. സംഘടനകളുണ്ട്. ഇസ്ലാമിന്റെ പേരിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചില ഗ്രൂപ്പുകളുമുണ്ട്. തബ്ലീഗ് ജമാഅത്തുകളുമുണ്ട്. പക്ഷേ, ഏകദേശം എല്ലാവരും തന്നെ തങ്ങളുടെ വ്യക്തിപരമായലാഭത്തിനും സ്വാർഥനേട്ടത്തിനുംവേണ്ടി പിന്നാലെ കൂടിയിരിക്കുന്നവരാണ്. പരസ്പരം എതിർത്തുകൊണ്ട് കുഫ്ർ ഫത്വ നൽകാനും തയ്യാറായിരിക്കുന്നു. അവർ എന്ത് ഇസ്ലാമിന് സേവനം ചെയ്യാനാണ്? ഇസ്ലാമിന്റെ സന്ദേശം എത്തിക്കുക എന്ന ഈ ജോലി ഇന്ന് മുഹമ്മദീ മസീഹിന്റെ ദാസരുടേതാണ്. അല്ലാഹു അവൻതന്നെ നമ്മുടെ ജോലികൾ എളുപ്പമാക്കിക്കൊണ്ടിരിക്കുന്നു. ചിലർക്ക് സ്വപ്നങ്ങളിലൂടേയും ചിലർക്ക് മറ്റു മാർഗങ്ങളിലൂടേയും മാർഗദർശനം നൽകിക്കൊണ്ടിരിക്കുന്നു. നമ്മൾ ബയ്അത്തിന്റെ കടമ നിറവേറ്റുന്നവരാകണമെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹായികളാകാൻ പരിശ്രമിക്കേണ്ടതാണ്.

നമുക്ക് ബയ്അത്തിനുശേഷം, എങ്ങനെ ആകണം എന്തായിത്തീരണം എന്നതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'ആചാരപരമായ ബയ്അത്ത് ഒരു പ്രയോജനവും ചെയ്യുകയില്ല. യഥാർഥ ബയ്അത്തി ൽ ഭാഗഭാക്കാകുക പ്രയാസകരമാണ്.' പറയുന്നു: 'നമ്മൾ നമ്മുടെ അസ്തിത്വത്തെ ഉപേക്ഷിച്ചുകൊണ്ട് തികച്ചും സ്നേഹത്തോടും ആ ത്മാർഥതയോടുംകൂടി അല്ലാഹുവിനോടൊപ്പമാകുമ്പോഴാണ് യഥാർഥ ബയ്അത്തിൽ ഭാഗഭാക്കാകുന്നത്. കപടവിശ്വാസികൾ നബി(സ)യുമായി സത്യസന്ധമായ ബന്ധം പുലർത്താത്ത കാരണത്താൽ അവിശ്വാസികളായി. അവരിൽ സത്യസന്ധമായ സ്നേഹമോ ആത്മാർഥതയോ ഉണ്ടായിരുന്നില്ല. അതുകൊണ്ട് ബാഹ്യമായ നിലയിലുള്ള ലാഇലാഹാഇല്ലല്ലാഹ് അവർക്ക് പ്രയോജനപ്പെട്ടില്ല. ഈ ബന്ധങ്ങൾ വർധിപ്പിക്കേണ്ടത് നിർബന്ധകാര്യമാണ്. മാർഗങ്ങളിലും വിശ്വാസാദർശങ്ങളിലും സാധിക്കുന്നിടത്തോളം ഗുരുവിന്റെ നിറമുള്ളവരാകണം. ആരെയാണോ വിശ്വസിച്ചത് ആ മനുഷ്യനെപ്പോലെതന്നെ ആകാൻ ശ്രമിക്കേണ്ടതാണ്.' പറഞ്ഞു: 'ആയുസ്സിനെ വിശ്വസിക്കാൻ പറ്റില്ല. എത്രയും വേഗം സാത്വികതയിലേക്കും ആരാധനാകർമങ്ങളിലേക്കും കുനിയേണ്ടതാണ്. താൻ എങ്ങനെയാണ് ജീവിതം കഴിച്ചുകൂട്ടിയതെന്ന് രാവിലെ മുതൽ വൈകുന്നേരംവരെ കണക്കെടുത്തുകൊണ്ടിരിക്കേണ്ടതാണ്.' (താനെങ്ങനെയാണ് ജീവിതം കഴിച്ചുകൂട്ടുന്നതെന്ന്). (മൽഫൂദാത്ത് വാല്യം 1 പേജ് 5 1985 ലണ്ടൻ പതിപ്പ്)

അല്ലാഹു പുതിയതായി വരുന്നവരേയും വിശ്വാസത്തിലും ദൃഢനിശ്ചയത്തിലും വർധിപ്പിക്കുമാറാകട്ടെ. വിശ്വാസപരവും കർമപരവുമായ അടിസ്ഥാനത്തിൽ അവർ അഭിവൃദ്ധിപ്പെടുന്നവരാകട്ടെ. അവരുടെ മനസ്സുകളിൽ അല്ലാഹു ഉണ്ടാക്കിയിരിക്കുന്ന വിശ്വാസത്തിന്റെ തീപ്പൊരി അഹ്മദിയ്യത്തിനെ -യഥാർഥ ഇസ്ലാമിനെ സ്വീകരിച്ചതിനു ശേഷം, അത് വർധിച്ചുകൊണ്ടുപോകുന്നതാകട്ടെ. ശയ്ത്വാൻ ഒരിക്കലും അവരെ വഴിതെറ്റിക്കാതിരിക്കട്ടെ. അല്ലാഹു എപ്പോഴും അവർക്ക് സ്ഥൈര്യം പ്രദാനം ചെയ്യുമാറാകട്ടെ. ജന്മനാ അഹ്മദികളായ നമ്മുടെ ഈമാനും അല്ലാഹു വർധിപ്പിക്കുകയും എപ്പോഴും അതിൽ പ്രകാശമുണ്ടാക്കാൻ തൗഫീഖ് നല്കിക്കൊണ്ടിരിക്കുകയും ചെയ്യുമാറാകട്ടെ. താനുമായിട്ടുള്ള ബന്ധത്തിൽ അഭിവൃദ്ധിപ്പെടാനും അല്ലാഹു നമുക്ക് സൗഭാഗ്യം നല്കുമാറാകട്ടെ. പുതിയതായി വരുന്ന ആർക്കും ഏതെങ്കിലും വഞ്ചനക്ക് നമ്മൾ നിമിത്തമാകാതിരിക്കട്ടെ. എപ്പോഴും ലോകത്തിന് നേരായ വഴി കാണിച്ചുകൊടുക്കുന്നവരാകട്ടെ. തങ്ങൾ പഴയ അഹ്മദികളാണെന്ന കാര്യത്തിൽ സന്തോഷിക്കാതിരിക്കുക. എന്നല്ല ബയ്അത്തിന്റെ ഉദ്ദേശ്യം പൂർത്തിയാക്കുന്നവരാകുക. ഭൗതികമായ വസ്തുവകകൾ നമ്മുടെ ലക്ഷ്യമാകാതിരിക്കട്ടെ. മറിച്ച് അല്ലാഹുവിന്റെ തൃപ്തിയായിരിക്കട്ടെ നമ്മുടെ ലക്ഷ്യം. നമ്മൾ എത്രയും വേഗം യഥാർഥ ഇസ്ലാമിനെ ലോകത്ത് പരത്തുന്നവരാകട്ടെ. നിങ്ങൾ ആരെയാണോ ലോകത്തിന് നാശകാരിയാണെന്ന് മനസ്സിലാക്കിയിട്ടുള്ളത് അയാൾതന്നെയാണ് യഥാർഥത്തിൽ നിങ്ങൾക്കും ലോകത്തിനും മോക്ഷത്തിനുള്ള വഴിയെന്ന് നമുക്ക് ലോകത്തോട് പറയാൻ കഴിയണം.


## ഉടനെ എഴുതുക or ഫോൺ ചെയ്യുക

താങ്കൾ വിശുദ്ധ ഖുർആന്റെ കല്പനകൾ, ഹദീഥുകൾ, ഹദ്റത്ത് മസീഹ് മൗഊദിന്റെ മാർഗനിർദേശങ്ങൾ എന്നിവയോടൊപ്പം ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ജുമുഅ ഖുത്ബകളിൽ നിന്നും പ്രഭാഷണങ്ങളിൽനിന്നും അനുഗ്രഹം തേടാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ താങ്കളുടെ കുടുംബത്തിന്റേയും കുഞ്ഞുകുട്ടികളുടേയും സത്യമായ പരിഷ്കരണത്തിന് വിശുദ്ധഖുർആന്റെ ജ്ഞാനങ്ങൾ അറിയാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ ബദ്ർ പത്രം നിർബന്ധമായും വായിക്കുക. ബദ്ർ പത്രത്തിൽ എന്താണുള്ളത്? അതറിയാൻ നിങ്ങൾ നിങ്ങളുടെ ഭാഷയിൽ അതിന്റെ ഒരു മാതൃക വാങ്ങി നോക്കുക. ഉടനെ എഴുതുക, അല്ലെങ്കിൽ ഫോൺ ചെയ്യുക.

മാനേജർ ബദ്ർ വീക്കിലി
ഫോൺ: 094170-20616

**ഖലീഫത്തുൽമസീഹ് ഇസ്‌ലാമിന്റെ ഏറ്റവും ഉത്തമനായ മാർഗദർശിയാണ്. ഏതുരീതിയിലും ഏതൊരുകാര്യത്തേയും കുറിച്ചാണോ ഹുദൂർ പറഞ്ഞത് അത് അല്ലാഹുവിന്റെ ഇച്ഛയ്ക്ക് തികച്ചും അനുസൃതമാണ്. മറ്റു മുസ്‌ലിം നേതാക്കന്മാർക്കും ഇതേ രീതിയിൽ സന്ദേശം എത്തിക്കേണ്ടതാണ്.**

**ഹുദൂറിന്റെ സന്ദേശം അങ്ങേയറ്റം ശക്തിനിർഭരമായിരുന്നു. സമാധാനവും ശാന്തിയും സ്നേഹവും എല്ലാവർക്കുമുണ്ടാകണം എന്നാഗ്രഹിക്കുന്ന ലോകത്തിലെ ഒരു വ്യക്തിയാണ് അദ്ദേഹം. എന്റെ വികാരങ്ങൾ വാക്കുകളിലൂടെ പ്രകടിപ്പിക്കാൻ എനിക്കു കഴിയുന്നില്ല.**

**ഹുദൂറിന്റെ ഇസ്‌ലാമിനേയും സമാധാനത്തേയും കുറിച്ചുള്ള പ്രഭാഷണം എന്റെ ചിന്താഗതി അനുസരിച്ച് തന്നെയായിരുന്നു. ഹുദൂറിന്റെ മുഖത്ത് പ്രശോഭിതമായ പ്രകാശം വളരെ മനോഹരമായിരുന്നു.**

## 2016 ഒക്ടോബർ 22 ന് കനഡയിലെ ഐവാനെ ത്വാഹിറിൽ സംഘടിപ്പിച്ച സിമ്പോസിയത്തിൽ അമീറുൽമുഅ്മിനീന്റെ പ്രഭാഷണം ശ്രവിച്ച ശ്രോതാക്കളിലുണ്ടായ പ്രതികരണങ്ങൾ

പാതിരി ചാൾസ് ഒലാങ്കോ (Uganda Martyrs United Church of Canada) തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ഞാൻ കണ്ടിടത്തോളം ഖലീഫത്തുൽ മസീഹ് ഇസ്‌ലാമിന്റെ ഏറ്റവും ഉത്തമനായ മാർഗദർശിയാണ്. ഏതുരീതിയിലും ഏതൊരുകാര്യത്തേയും കുറിച്ചാണോ ഹുദൂർ പറഞ്ഞത് അത് അല്ലാഹുവിന്റെ ഇച്ഛയ്ക്ക് തികച്ചും അനുസൃതമാണ്. മറ്റു മുസ്‌ലിം നേതാക്കന്മാർക്കും ഇതേ രീതിയിൽ സന്ദേശം എത്തിക്കേണ്ടതാണ്. ഇസ്‌ലാം അതിനെ വിശ്വസിക്കുന്നവരോടു മറ്റു മതാനുയായികളേയും സംരക്ഷിക്കണമെന്ന് പറയുന്നു. ഈ ഇസ്‌ലാമികാധ്യാപനം ആദ്യമായിട്ടാണ് ഞാൻ കേൾക്കുന്നത്. ഹുദൂറിന്റെ പ്രഭാഷണം എന്നെ വല്ലാതെ സ്വാധീനിച്ചിരിക്കുന്നു. എല്ലാ മതങ്ങളുടേയും ജാതികളുടേയും നേതാക്കന്മാർ ഒന്നിച്ചിരുന്ന് ചർച്ച ചെയ്യണമെന്നത് ഹുദൂറിന്റെ അഭിലാഷമാണ്.

● എൽസ് മാൾട്ടിൻ ഒന്റാറിയോ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ഞാൻ ഖലീഫത്തുൽ മസീഹിന്റെ പര്യടനത്തെ പ്രത്യേക താൽപര്യത്തോടുകൂടിയാണ് നോക്കിക്കാണുന്നത്. കുറച്ചു മാസങ്ങൾക്കു മുമ്പേ ജൽസസാലാന(വാർഷിക സമ്മേളനം)യു.കെ.യുടെ അവസരത്തിലും പിന്നീട് ജൽസസാലാന കനഡയിലും ഹുദൂറിന്റെ പാർലമെന്റ് പര്യടനത്തിൽ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടന്ന അവസരത്തിലും ഖലീഫത്തുൽമസീഹുമായി കൂടിക്കാഴ്ച നടത്തണമെന്നത് എന്റെ ഹൃദയാഭിലാഷമായിരുന്നു. ഇന്ന് കൂടിക്കാഴ്ച നടന്നു. ഹുദൂറിന്റെ സന്ദേശം അങ്ങേയറ്റം ശക്തിനിർഭരമായിരുന്നു. സമാധാനവും ശാന്തിയും സ്നേഹവും എല്ലാവർക്കുമുണ്ടാകണമെന്നാഗ്രഹിക്കുന്ന ലോകത്തിലെ ഒരു വ്യക്തിയാണ് അദ്ദേഹം. എന്റെ വികാരങ്ങൾ വാക്കുകളിലൂടെ പ്രകടിപ്പിക്കാൻ എനിക്കു കഴിയുന്നില്ല.

● റിട്ടയേർഡ് ടീച്ചറായ ഹാങ്ങി മേനൂട്ടി തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ഖലീഫത്തുൽമസീഹുമായി കൂടിക്കാഴ്ച നടത്തിയതിനു ശേഷം ഞാൻ വികാരഭരിതനാണ്. ഞാൻ ഹുദൂറിന്റെ സമാധാനപ്രദമായ സന്ദേശത്തിൽ ആകർഷിതനായിരിക്കുന്നു. നമ്മൾ ഹുദൂറിന്റെ സന്ദേശം കേൾക്കുകയും കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്താൽ നമുക്കെല്ലാവർക്കും അദ്ദേഹം വഴികാട്ടിയാണ്.

● ഗ്രേഗ് കനഡി തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഞാൻ ഇന്ന് എന്റെ സഹോദരിയോടൊപ്പമാണ് വന്നിട്ടുള്ളത്. കാരണം അവൾ അടുത്തകാലത്ത് ഇസ്‌ലാം സ്വീകരിച്ചതാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ അധ്യാപനങ്ങളെന്താണെന്ന് ഞങ്ങൾ കാണാൻ ആഗ്രഹിച്ചിരുന്നു. ഹുദൂറിന്റെ സന്ദേശം കേട്ട് എന്റെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. ഇത്രമാത്രം സ്നേഹിക്കുകയും ഒപ്പം നില്ക്കുകയും ജനങ്ങൾക്ക് സേവനം ചെയ്യുകയും ചെയ്യുന്നവരിൽ എന്റെ സഹോദരി ചേർന്നിരിക്കുന്നു. ഏതൊരു കാര്യമാണോ ഞാൻ ഇന്ന് പഠിച്ചത് ഞാൻ അതിൽ അതീവ സന്തുഷ്ടനാണ്.

● ബ്രേംപട്ടണിലെ മുൻ മേയർ സോസൺ ഫേനൽ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'കഴിഞ്ഞ 30 വർഷമായി അഹ്മദിയ്യാ ജമാഅത്തിനെ എനിക്കറിയാം. ഖലീഫത്തുൽ മസീഹ് പങ്കെടുത്തിട്ടുള്ള ഒരുപാട് പരിപാടികളിൽ ഞാനും പങ്കെടുത്തിട്ടുണ്ട്. ഇന്നത്തെ പരിപാടിയിലും എന്നെ ക്ഷണിച്ചിരിക്കുന്നുവെന്നത് എനിക്ക് ബഹുമതിയ്ക്ക് കാരണമാണ്. ഹുദൂറിന്റെ സന്ദേശം എപ്പോഴും സമാധാനത്തിന്റെ കളിത്തൊട്ടിലാണ്. എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്ന സന്ദേശം വിളംബരം ചെയ്തുകൊണ്ടിരിക്കുന്നു. ഞാൻ ജനങ്ങളോടു പറയാനാഗ്രഹിക്കുകയാണ്, പ്രത്യേകിച്ചും അല്ലാഹുവിന്റെ സന്ദേശം മനസ്സിലാക്കാത്തവരോട്-ഇതൊരു സമാധാന സന്ദേശമാണ്. ജനങ്ങൾക്കും മൃഗങ്ങൾക്കും മറ്റു ജീവജാലങ്ങൾക്കും നഷ്ടമുണ്ടാക്കുന്ന ഒരു കാര്യവും ഇതിലില്ല. നമുക്കെല്ലാവർക്കുമുള്ള ദൈവത്തിന്റെ സന്ദേശമാണിത്.

● റെവറന്റ് റോബർട്ട് ലൈൽ (Minister of St. Andrews Presbyterian Church)തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഇന്നത്തെ പ്രഭാഷണം എന്നെ വല്ലാതെ സ്വാധീനിച്ചിരിക്കുന്നു. അതിനു കാരണം ഹുദൂറിന്റെ സന്ദേശമായിരുന്നു. ഇത് സമാധാനത്തിന്റേയും സ്നഹത്തിന്റേയും പ്രതീക്ഷയുടേയും സന്ദേശമായിരുന്നു. വർഗ, വർണ, പാശ്ചാത്യ, പൗരസ്ത്യ, ഏതെങ്കിലും പ്രത്യേക കാലമോ സ്ഥലമോ ആയി ഒരു ബന്ധവുമില്ലാത്തതും മറിച്ച് മുഴുലോകത്തിനുമുള്ളതുമായ സന്ദേശമായിരുന്നു അത്. ഈ പ്രസംഗത്തിന് ഇങ്ങനേയും പ്രാധാന്യമുണ്ട്; ലോകത്ത് ധാരാളം തെറ്റായ അറിവുകളും കിംവദന്തികളും ഭയവും നൈരാശ്യവും പരന്നിരിക്കുകയാണ്. പക്ഷേ, ഇന്നത്തെ സന്ദേശത്തിൽ നമ്മുടെ ഇടയിൽ സംയുക്തമായ കാര്യങ്ങളാണ് കൂടുതലെന്നും അഭിപ്രായ ഭിന്നതകളുള്ള കാര്യം കുറവാണെന്നുമുള്ള കാര്യം വ്യക്തമായിരുന്നു. ഇത് വളരെ വലിയൊരു സന്തോഷവാർത്തയാണ്. ഇത് ജനങ്ങൾ കേൾക്കേണ്ട ആവശ്യമാണുള്ളത്.

● ഡോക്ടർ ഈഅയാൻ ബർക് തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഞാൻ ഹുദൂറിന് സദുദ്ദേശ്യങ്ങൾ പ്രകടിപ്പിക്കുകയാണ്. അങ്ങേയറ്റം സ്വാധീനപരമായിരുന്നു ഹുദൂറിന്റെ പ്രഭാഷണം. സ്നേഹവും നീതിയും ന്യായവും ഉൾക്കൊള്ളുന്നതായിരുന്നു അവിടത്തെ സന്ദേശം. ഹുദൂറിന്റെ ഈ സന്ദേശം കൂടുതൽ പ്രചരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

● ടൊറൊണ്ടോയിലെ ടീച്ചറായ അൽമാ (Alma) തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ഹുദൂർ ലോകത്തിന് മുഴുവൻ സമാധാന സന്ദേശം നല്കിക്കൊണ്ടിരിക്കുന്നുവെന്നത് അങ്ങേയറ്റം സന്തോഷപ്രദമായ കാര്യമാണ്. ഈ സന്ദേശത്തെ വെറും മുസ്‌ലീംകളിൽമാത്രം പരിമിതപ്പെടുത്തിയില്ല. മറിച്ച് എല്ലാ വർഗക്കാർക്കും വർണക്കാർക്കുമായിരുന്നു അവിടത്തെ സന്ദേശം. നമ്മൾ ലോകത്തിന്റെ അവസ്ഥ പരിശോധിക്കുകയാണെങ്കിൽ അവിടത്തെ സന്ദേശം അങ്ങേയറ്റം പ്രാധാന്യം വഹിക്കുന്നതാണ്. അതുകൊണ്ട് വ്യക്തമായ ഈ സന്ദേശം എല്ലാവരും കേൾക്കേണ്ടതാണെന്ന് ഞാൻ മനസ്സിലാക്കുന്നു.

● കത്തോലിക്ക സ്കൂളിന്റെ വൈസ് പ്രിൻസിപ്പാൾ മാസ്മോജനോബാൽ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഇത്തരം ശക്തമായ പ്രഭാഷണം കേൾക്കാനുള്ള അവസരം കിട്ടുമ്പോഴെല്ലാം ഞാൻ അതിൽ പങ്കെടുക്കാറുണ്ട്. ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണത്തിൽ വ്യക്തിപരമായി ഞാൻ വിശ്വസിക്കുന്ന ധാരാളം കാര്യങ്ങളുണ്ടായിരുന്നു. അതിൽ എനിക്ക് വളരെ സന്തോഷമുണ്ട്.

● നൈൽ അസോസിയേഷൻ ഓഫ് ഒന്റാറിയായുടെ പ്രസിഡന്റ് മുഹമ്മദു അൽഹൽവാജീ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഇന്നത്തെ സന്ദേശം വളരെ വ്യക്തമായിരുന്നു. നമ്മളെല്ലാവരും സ്നേഹത്തോടെ ജീവിക്കേണ്ടവരാണ്. ആരേയും വെറുക്കേണ്ടകാര്യം നമുക്കില്ല. നമ്മൾ പരസ്പരം വെറുത്തുകൊണ്ടിരുന്നാൽ സമാധാനം സ്ഥാപിതമാകുകയില്ല. പാർലമെന്റിൽ ഞാൻ ഹുദൂറിന്റെ പ്രസംഗം കേട്ടപ്പോൾ, ഈ രീതിയിൽ ഏതെങ്കിലും മുസ്‌ലിം നേതാവിന് പാർലമെന്റിൽ പ്രഭാഷണം നടത്താൻ കഴിയുമെന്ന് എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞിരുന്നില്ല. ഹുദൂറിൽ ഭയത്തിന്റെ ലാഞ്ചനപോലും ഉണ്ടായിരുന്നില്ല. അങ്ങേയറ്റം നിർഭയനായി അവിടന്ന് പ്രഭാഷണം നടത്തി. ഇതാണ് ഇസ്‌ലാമിന്റെ സത്യസന്ധവും ശരിയായതുമായ സന്ദേശമെന്ന് ജനങ്ങൾക്ക് ബോധ്യമായി. അവിടന്ന് പറഞ്ഞു:'ഈ നടന്നുകൊണ്ടിരിക്കുന്ന യുദ്ധങ്ങളുടെ പിന്നിൽ കുറച്ചാളുകളുണ്ട്. അവരാണ് ഇതിൽനിന്ന് ഫലമെടുക്കുന്നത്. ഇന്നത്തെ പ്രഭാഷണത്തിൽ ഹുദൂർ എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്നതിന്റെ അടിസ്ഥാനത്തിൽ സംസാരിച്ചു. ഇത് എല്ലാവരുടേയും പ്രവർത്തന രൂപരേഖ ആയിരിക്കേണ്ടതാണ്. ഇതുതന്നെയാണ് സത്യം. ഞാൻ 1980 മുതൽ അഹ്മദി മുസ്‌ലിമാണ്. കഴിഞ്ഞ 10,15 വർഷമായി ജമാഅത്തിൽനിന്ന് അകന്നു പോയിരുന്നു. ഉലമായുമായി ബന്ധം പുലർത്തണമെന്ന ചിന്ത ഇപ്പോൾ എനിക്കുണ്ടായി.

● ഉഗാണ്ട മദർ ചർച്ചിലെ സാണ്ട അലോയി തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഖലീഫത്തുൽമസീഹിന്റെ ഇന്നത്തെ പ്രഭാഷണം മാപ്പും വിട്ടുവീഴ്ചയും സമാധാനസംസ്ഥാപനത്തേയും കുറിച്ചായിരുന്നു. എല്ലാ മതങ്ങളും ഏക ദൈവത്തിലാണ് വിശ്വസിക്കുന്നത്. പക്ഷേ, വിവിധ നാമങ്ങളിലാണ് അവനെ സ്മരിക്കുന്നത്. ലോക സമാധാനം സ്ഥാപിക്കുന്നതിന് നിങ്ങൾ കൂടുതൽ ശ്രമിക്കേണ്ടതാണെന്ന് ഹുദൂർ പ്രത്യേകിച്ചും മുസ്‌ലീംകളോടു പറഞ്ഞു. ഇതുകേട്ട് എനിക്ക് വളരെ സന്തോഷമുണ്ടായി.

● സുരീന്ദർ സിദ്ധു (Surrinder Sidhu)തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ശാന്തിയേയും സമാധാനത്തേയും മുഴുലോകത്തിന്റെ ക്ഷേമത്തേയും കുറിച്ചുള്ള ഹുദൂറിന്റെ പ്രഭാഷണം കേൾക്കാൻ പറ്റിയ ഉഗ്രൻ അവസരമായിരുന്നു ഇത്.'

● ഫെഡൽ എന്നുപേരുള്ള ഒരു വിദ്യാർഥി തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'എല്ലാ പരിപാടികളും ഹുദൂറിന്റെ പ്രഭാഷണവും വളരെ നല്ലതായിരുന്നു. അതെല്ലാം എന്റെ മനസ്സിനെ സ്വാധീനിച്ചു. ഹൂദൂറുമായിട്ടുള്ള കൂടിക്കാഴ്ചയെ കുറിച്ചു പറയാൻ എന്റെ പക്കൽ വാക്കുകളില്ല. ഇത് എന്റെ ജീവിതത്തിലെ സുപ്രധാനമായ അനുഭവമായിരുന്നു.

ശിയാ മുസ്‌ലിം വിദ്യാർഥി ഫരിശ്ത തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഹുദൂറിന്റെ ഇസ്‌ലാമിനേയും സമാധാനത്തേയും കുറിച്ചുള്ള പ്രഭാഷണം എന്റെ ചിന്താഗതി അനുസരിച്ച് തന്നെയായിരുന്നു. ഹുദൂറിന്റെ മുഖത്ത് പ്രശോഭിതമായ പ്രകാശം വളരെ മനോഹരമായിരുന്നു.

● ഗീർഥ് കാൽവേയും ഡേന കാൽവേയും തങ്ങളുടെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'അങ്ങേയറ്റം ആകർഷണീയമായ സന്ദേശമായിരുന്നു. നമ്മൾ നിത്യവും കാണുന്നതിൽനിന്ന് വ്യത്യസ്തമായ മാറ്റമായിരുന്നു.

# ഹദ്റത്ത് അബൂഉബയ്ദഃ(റ)

## ഹാഫിദ് മുസഫ്ഫർ അഹ്മദ്, ശാഹിദ്

**ഭാഗം രണ്ട്:**

അപ്പോൾ അദ്ദേഹത്തിന്റെ രണ്ടാമത്തെ പല്ലും പറിയുകയും നടുവടിച്ച് വീഴുകയും ചെയ്തു. എങ്കിലും കഠിനമായ വേദനയിൽനിന്ന് നബി(സ)തിരുമേനിയെ രക്ഷിക്കാൻ അദ്ദേഹത്തിനു സാധിച്ചു. നബി(സ)തിരുമേനിയെ രക്ഷിക്കുന്നതിൽ അദ്ദേഹം ഒരു കുറവും വരുത്തിയില്ല. ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ മുൻനിരപ്പല്ലുകളിൽ രണ്ടെണ്ണം നഷ്ടമായത് അദ്ദേഹത്തിന്റെ മുഖത്തെ കൂടുതൽ സൗന്ദര്യമുളളതാക്കി തീർത്തുവെന്ന് ആളുകൾ പറഞ്ഞിരുന്നു. മുൻനിരയിലെ രണ്ടു പല്ലുകൾ പൊട്ടിയ ആരും അബൂഉബയ്ദഃയുടെ അത്ര സുമുഖനായി കാണാറില്ലെന്ന് ജനങ്ങൾ പറയാറുണ്ടായിരുന്നു.

ഉഹ്ദിനുശേഷം നടന്ന ഖൻദഖ്, ബനൂഖുറയ്ള, ഖയ്ബർ, ഫത്ഹ് മക്ക, ഹുനയ്ൻ, ത്വായിഫ് തുടങ്ങിയ യുദ്ധങ്ങളിലും ഹദ്റത്ത് അബൂഅബൂഉബയ്ദഃ(റ) ധീരപോരാളി എന്ന നിലയിൽ മുൻപന്തിയിലായിരുന്നു.

സൈന്യാധിപൻ എന്ന നിലയിലും ഹദ്റത്ത് അബൂഅബൂഉബയ്ദഃ(റ) തന്റെ വിശ്വസ്തതയോടുള്ള കടമ നല്ലവണ്ണം നിർവഹിച്ചു. ഹിജറ 6-ാം വർഷം അദ്ദേഹം ഥഅ്‌ലബത്ത് അൻമാർ തുടങ്ങിയ ഗോത്രങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ നിയമിക്കപ്പെട്ടു. അതിൽ വിജയം നേടിയാണ് അദ്ദേഹം തിരിച്ചെത്തിയത്.

### ദാത്തുസ്സലാസിലിന്റെ നേതൃത്വവും പരസ്പര സഹായവും

ഹിജ്റ 7-ാം വർഷത്തിൽ ഖയ്ബർ യുദ്ധശേഷം നബി(സ)തിരുമേനി സിറിയയുടെ കിഴക്കുള്ള ദാത്തുസ്സലാസിന്നെതിരെ നടപടി കൈക്കൊള്ളൻ ഹദ്റത്ത് അംറ് ബിൻ ആസിന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ അയച്ചു. വലിയ വലിയ സ്വഹാബാക്കളെ അപേക്ഷിച്ച് ഗ്രാമീണരായ അറബികളും ബദുക്കളുമായിരുന്നു സൈന്യത്തിൽ അധികവുമുണ്ടായിരുന്നത്. അവിടെ എത്തിയപ്പോഴാണ് ശത്രുസൈന്യം വളരെ കൂടുതലാണെന്ന് അറിയുന്നത്. അതുകൊണ്ട് ഹദ്റത്ത് അംറ് ബിൻ ആസ്(റ)പോഷകസൈന്യത്തെ ആവശ്യപ്പെട്ടു. നബി(സ)തിരുമേനി ഹദ്റത്ത് അബൂഉബയ്ദഃയുടെ നേതൃത്വത്തിൽ ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് ഉമർ തുടങ്ങിയ ആദ്യകാല മുഹാജിറുകൾ ഉൾപ്പെടെയുള്ള ഒരു സൈന്യം അയച്ചുകൊടുത്തു. നബി(സ)തിരുമേനി ദൈവദത്തമായ ഉൾക്കാഴ്ചയോടെ ഹദ്റത്ത് അബൂഅബൂഉബയ്ദഃ(റ)യെ യാത്രയയച്ചപ്പോൾ, അംറ് ബിൻ ആസിന്റെ അടുക്കലെത്തിയാൽ രണ്ടു അമീർമാരും സഹകരിച്ച് പ്രവർത്തിക്കണമെന്ന് ഉപദേശിക്കുകയുണ്ടായി. എന്നാൽ, അവിടെ എത്തിയപ്പോൾ തന്നെ സഹായിക്കുന്നതിനുവേണ്ടിയാണ് സൈന്യത്തെ അയച്ചിട്ടുള്ളതെന്നും അതുകൊണ്ട് പോഷകസൈന്യം തന്റെ കീഴിലാണെന്നും ധരിച്ച് ഹദ്റത്ത് അംറ് ബിൻ ആസ്(റ), ഹദ്റത്ത് അബൂഉബയ്ദഃയുടെ സൈന്യത്തിനു നിർദേശങ്ങൾ നല്കി ജോലി എടുപ്പിക്കാൻ തുടങ്ങി. രണ്ടു അമീർമാരും തങ്ങളുടെ പ്രവർത്തന വൃത്തത്തിൽ സ്വതന്ത്രരാണെന്നും പരസ്പരം കൂടിയാലോചിച്ചും സഹകരിച്ചും പ്രവർത്തിക്കാനാണ് കല്പനയെന്നും പുണ്യാത്മാക്കളായ മുഹാജിർ സ്വഹാബാക്കൾ പറഞ്ഞിട്ടും ഹദ്റത്ത് അംറ് ബിൻ ആസ്(റ)തന്റെ നേതൃത്വത്തിൽ ശാഠ്യംപിടിച്ചുനിന്നു. ഈ വിഷമ ഘട്ടത്തിൽ അമാനത്തുകളുടെ അമ്പാസിഡറായ ഹദ്റത്ത് അബൂഉബയ്ദഃ(റ) യുടെ നിലപാട് എത്രമാത്രം പരിശുദ്ധവും ഭക്തിമയവുമായിരുന്നു. ഹദ്റത്ത് അംറ് ബിൻ ആസ്(റ)നോടു അദ്ദേഹം പറഞ്ഞു: "എന്നെ അല്ലാഹുവിന്റെ ദൂതർ(സ) സ്വതന്ത്രനായ ഒരു അമീർ എന്ന നിലയിലാണ് അയച്ചിട്ടുള്ളത്. അതിനോടൊപ്പം പരസ്പരം സഹകരിച്ച് പ്രവർത്തിക്കാനും നിർദേശിക്കുകയുണ്ടായി. അതിനാൽ താങ്കൾ ഞാൻ പറയുന്നത് കേട്ടാലും കേട്ടില്ലെങ്കിലും വേണ്ടില്ല, എന്നിൽനിന്ന് താങ്കൾക്ക് എപ്പോഴും സഹകരണമുണ്ടാകും. താങ്കൾ പറയുന്ന ഓരോ കാര്യവും സ്വീകരിക്കുന്നതാണ്." ഹദ്റത്ത് അബൂഉബയ്ദഃ(റ) നേതൃത്തിന്റെ അമാനത്തിന്റെ കടമ എത്രമാത്രം പ്രൗഢിയോടെയാണ് നിർവേറ്റിയത്. നന്മയിലും ത്യാഗത്തിലും സഹകരണത്തിന്റെ എത്രമാത്രം മഹത്തായ മാതൃകയാണ് കാഴ്ചവച്ചത്.

ഹിജ്റ 8-ാം വർഷം ഖുറയ്ശികളുടെ ചില കച്ചവടസംഘങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുവേണ്ടി നബി(സ) അദ്ദേഹത്തെ രഹസ്യമായി വളരെ പ്രധാനപ്പെട്ട ഒരു ചുമതല ഏല്പിച്ചു. ഇതിൽ 300 സ്വഹാബാക്കൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സമുദ്രതീരത്തേക്ക് അയക്കപ്പെട്ടു.

ആ കാലഘട്ടം വളരെ ഞെരുക്കമുള്ളതായിരുന്നു. സാധാരണ വഴക്കമനുസരിച്ച് ഓരോ പട്ടാളക്കാരനും കൈയിൽ കരുതിയിരുന്ന കാരക്ക തുടങ്ങിയവയും തീരാൻ തുടങ്ങി. പട്ടിണിയുടെ ആ ദിനങ്ങളിൽ അൻസ്വാരി സർദാർ ഖയ്സ് ബിൻ സഅ്ദ്(റ) ധർമത്തിന്റേയും ദാനത്തിന്റേയും അപാരമായ ദൃശ്യമാണുകാഴ്ചവച്ചത്. അദ്ദേഹം സൈന്യത്തിൽപ്പെട്ട ചിലയാളുകളുടെ, മദീനക്ക് തിരിച്ചുപോകാൻ നിറുത്തിയിരുന്ന ഒട്ടകങ്ങളെ കടം വാങ്ങി അറുത്ത് കൂടെയുള്ളവരെ ഊട്ടാൻ തുടങ്ങി. 'യാത്രാവാഹനങ്ങൾ തീർന്നു കഴിഞ്ഞാൽ പിന്നീട് യാത്ര എങ്ങനെ തുടരും' എന്ന് കുറച്ചു ദിവസത്തിനുശേഷം, ഹദ്റത്ത് ഉമർ(റ)ചോദിച്ചു. അങ്ങനെ ഹദ്റത്ത് അബൂഉബയ്ദഃ (റ) കൂടുതൽ ഒട്ടകങ്ങളെ അറുക്കുന്നത് തടഞ്ഞുകൊണ്ട് അനുയോജ്യമായ ഒരു തീരുമാനമെടുത്തു. മറുവശത്ത് പട്ടിണികിടക്കുന്ന സൈന്യത്തിനു ഭക്ഷണം കൊടുക്കേണ്ട ചുമതലയും അദ്ദേഹത്തിന്നായിരുന്നു. അദ്ദേഹം എല്ലാ പട്ടാളക്കാരിൽനിന്നും അവരുടെ കൈയിൽ ബാക്കിയുണ്ടായിരുന്ന ഭക്ഷണസാധനങ്ങൾ ശേഖരിച്ച് രണ്ടു ചാക്കുകളിൽ നിറച്ചു. അത് റേഷനായി പട്ടാളക്കാർക്കിടയിൽ വിതരണം ചെയ്യാൻ ഏർപാടു ചെയ്തു. അങ്ങനെ ഓരോ പട്ടാളക്കാരനും ജീവിക്കാൻ അല്പസ്വല്പ ഭക്ഷണം ലഭിച്ചു. ഒരാൾക്ക് നിത്യവും ഒരു കാരക്കമാത്രം കിട്ടിയ ദിവസങ്ങളും ഉണ്ടായിട്ടുണ്ടെന്ന് സ്വഹാബാക്കൾ പറഞ്ഞിട്ടുണ്ട്. അവരോടു ചോദിച്ചപ്പോൾ, ശേഖരിച്ച് വീതിച്ചുവന്നതും തീർന്നപ്പോഴാണ് ആ ഒരു കാരക്കയുടെ വില തങ്ങൾക്കു മനസ്സിലായതെന്നാണ് അവർ പറഞ്ഞത്. തങ്ങൾക്ക് മരത്തിന്റെ ഇല തിന്നും ജീവിക്കേണ്ടി വന്നിട്ടുണ്ട്. ആടുകളുടെ വിസർജ്യം പോലെയായിരുന്നു ഞങ്ങളുടേതും.

'ഉമ്മത്തിന്റെ വിശ്വസ്തൻ' അബൂ ഉബയ്ദഃയുടെ ആ നീതിപൂർവമായ വിതരണവും പ്രാർഥനയും അല്ലാഹുവിന്റെ കാരുണ്യത്തെ ആവേശം കൊള്ളിച്ചിട്ടുണ്ടാകുമെന്നാണ് മനസ്സിലാകുന്നത്. അല്ലാഹു തന്നെ ആ പട്ടിണികിടക്കുന്നവരുടെ ഭക്ഷണത്തിനുള്ള ഏർപാടു ചെയ്തു. ഒരു വലിയ മത്സ്യത്തെ ദൈവവഴിയിൽ വിശപ്പു സഹിക്കുന്നവർക്കായി കടൽത്തീരത്ത് കൊണ്ടിടാൻ അല്ലാഹു കല്പിച്ചു. അങ്ങനെ ആ മത്സ്യത്തിന്റെ മാംസവും എണ്ണയും തുടർച്ചയായി പല ദിവസം ഉപയോഗിച്ച കാരണത്താൽ സ്വഹാബാക്കളുടെ ആരോഗ്യം മെച്ചപ്പെട്ടു. 300 ആളുകൾക്ക് നിരവധി ദിവസംവരെ ഭക്ഷണമായിത്തീർന്ന ആ മത്സ്യത്തെ സംബന്ധിച്ച് സ്വാഭാവികമായും അതിന്റെ വണ്ണം എന്തായിരിക്കും എന്ന കാര്യത്തിൽ സംശയമുണ്ടാകാം. അബൂഉബയ്ദഃയെ പോലെത്തെ ബുദ്ധിമാനായ നേതാവ് ആ ദൈവികാടയാളത്തെ സുരക്ഷിതമാക്കി വെക്കുന്നതിനുള്ള ഏർപാടും ചെയ്തു. അദ്ദേഹം കടൽത്തീരം വിടുന്നതിനുമുമ്പേ മത്സ്യത്തിന്റെ അസ്ഥികൂടത്തിൽനിന്ന് രണ്ടു വാരിയെല്ലെടുത്ത് മണ്ണിൽ നാട്ടിനിറുത്തി. അതിന്റെ വലുപ്പം അളക്കുന്നതിനുവേണ്ടി അതിന്റെ അടിയിലൂടെ ഒരു ഒട്ടകയാത്രക്കാരനെ കടത്തിവിട്ടു. അയാൾ ഒരു പ്രയാസവും കൂടാതെ അതിന്നടിയിലൂടെ കടന്നുപോയി.

ഈ യാത്രയിൽ ഹദ്റത്ത് അബൂഉബയ്ദഃയുടെ നേതൃപാടവം തെളിഞ്ഞു മുന്നിൽ വന്നു. പ്രാവർത്തിക ജീവിതത്തിൽ അമാനത്തുകളോടുള്ള കടമ നിറവേറ്റുന്നതിൽ ഈ ഏർപാട് അബൂഉബയ്ദഃക്ക് കുടുതൽ സേവനത്തിനുള്ള അവസരങ്ങൾ ഒരുക്കുന്നതിനു കാരണമായി. അതിനുശേഷം നബി(സ)തിരുമേനി ഹദ്റത്ത് അബൂഉബയ്ദഃക്ക് സുപ്രധാനമായ പല സാമ്പത്തിക ഉത്തരവാദിത്തങ്ങളും ഏല്പിച്ചു കൊടുക്കുകയുണ്ടായി.

### ബഹ്റൈനിലെ സമ്പത്തുകൾ:

ഇറാനിലെ കിസ്റാ ഭരണകൂടത്തിന് നികുതി കൊടുത്തുകൊണ്ടിരുന്ന ബഹ്റൈൻ ഭരണകൂടവുമായി ഹിജ്റ 8-ാം വർഷം മുസ്‌ലീംകൾ സന്ധിചെയ്തു. ഹദ്റത്ത് അലാഅ് (റ)ബിൻ ഹദ്റമീ അവിടെ അമീറായി നിയമിക്കപ്പെട്ടു. ഹദ്റത്ത് അബൂഉബയ്ദഃ(റ) ഭൂനികുതിയുടെ അമാനത്തുകൾ ശേഖരിച്ച് ഇസ്‌ലാമിക കേന്ദ്രമായ മദീനയിൽ കൊണ്ടുവരാനും നിയമിതനായി. അദ്ദേഹത്തിന്റെ സത്യസന്ധതയിലും വിശ്വസ്തതയിലും അല്ലാഹു എത്രമാത്രം അനുഗ്രഹം ചൊരിഞ്ഞുവെന്നാൽ, ബഹ്റൈനിൽനിന്ന് കുന്നുകണക്കിന് സമ്പത്തുമായിട്ടാണ് അദ്ദേഹം മദീനയിൽ വന്നത്. ഇതറിഞ്ഞപ്പോൾ പിറ്റേ ദിവസത്തെ സുബ്ഹി നമസ്കാരത്തിന് ധാരാളം അൻസ്വാറുകൾ പള്ളിയിലെത്തി. നമസ്കാരത്തിനുശേഷം നബി(സ) തിരുമേനി സ്വഹാബാക്കളെ അഭിസംബോധന ചെയ്തു: 'അബൂഉബയ്ദഃ വന്ന വിവരം നിങ്ങൾ അറിഞ്ഞിട്ടുണ്ടെന്ന് തോന്നുന്നു. നിങ്ങളുടെ ഉദ്ദേശ്യങ്ങൾ പൂർത്തീകരിക്കപ്പെടുമെന്ന സന്തോഷവാർത്ത അറിയിക്കുകയാണ്. എന്നാൽ, ഓർത്തുകൊള്ളുക! നിങ്ങൾ ദാരിദ്ര്യത്തിലും പട്ടിണിയിലുമാകുമെന്ന് ഞാൻ ഭയപ്പെടുന്നില്ല. പ്രത്യുത മുൻകഴിഞ്ഞ ജനതകൾക്ക് വിശാലമാക്കപ്പെട്ടതുപോലെ നിങ്ങൾക്കു ദുൻയാവ് വിശാലമാക്കപ്പെടും. പക്ഷേ, അതിന്റെ ഫലമായി അവസാനം അവർ നശിക്കുകയാണുണ്ടായത്. അവരുടെ അവസ്ഥ നിങ്ങൾക്കെങ്ങാനും വരുമോ എന്നാണ് എനിക്കുള്ള ആശങ്ക.' (ബുഖാരി)

### സമുദായത്തിന്റെ വിശ്വസ്തൻ നജ്റാനിൽ:

ബഹ്റൈനിലെ സമ്പത്തുകളോടുള്ള കടമ നിറവേറ്റിയശേഷം ഹദ്റത്ത് അബൂഉബയ്ദഃ(റ)യെ നജ്റാനിലെ സാമ്പത്തിക കാര്യങ്ങളുടെ അമീനാക്കി. ഹിജ്റ 9-ാം വർഷം നജ്റാനിലെ ഉന്നതാധികാരികളുടെ സംഘം(അവരിൽ സർക്കാർ പ്രതിനിധികളും മതപ്രതിനിധികളുമുണ്ടായിരുന്നു)മദീനയിൽ വന്നു. നജ്റാൻകാരുമായിട്ട് താഴെ കാണുന്ന നിബന്ധനകളോടെ സന്ധി ചെയ്തു:

1. രണ്ടായിരം പുതപ്പുകൾ അവർ വർഷന്തോറും കൊടുത്തുകൊണ്ടിരിക്കും. ഓരോ പുതപ്പിന്റേയും വില ഒരു അഉഖിയഃ ആയിരിക്കും. അഉഖിയഃയുടെ തൂക്കം 40 ദിർഹമായിരിക്കും.

2. ഒരു അഉഖിയായെക്കാൾ കൂടുതൽ വിലയുള്ള പുതപ്പാണെങ്കിൽ എണ്ണത്തിൽ കുറവു വരുത്തിയും കുറഞ്ഞ വിലയുടേതാണെങ്കിൽ പുതപ്പുകളുടെ എണ്ണം വർധിപ്പിച്ചും അതു പരിഹരിക്കേണ്ടതാണ്.

3. പുതപ്പുകളുടെ മൂല്യത്തിനു സമാനമായി ആയുധങ്ങൾ, കുതിരകൾ, അല്ലെങ്കിൽ മറ്റു സാധനസാമഗ്രികൾ എന്തെങ്കിലും നല്കാനാഗ്രഹിച്ചാൽ അതും സ്വീകരിക്കുന്നതായിരിക്കും.

ഈ നിബന്ധനകൾ പാലിച്ച് പ്രവർത്തിക്കാനും വിശ്വസ്തനായ ഒരു വ്യക്തിയുടെ ആവശ്യമുണ്ടായിരുന്നു. അത് നജ്റാൻകാർ ഉന്നയിക്കുകയും ചെയ്തു. അതായത് ഈ ഉടമ്പടി നടപ്പിൽ വരുത്താൻ തങ്ങളോടൊപ്പം വിശ്വസ്തനായ ഒരു വ്യക്തിയെ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-2 Thursday 16 March 2017 Issue-11

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

അയക്കാൻ അവർ പറഞ്ഞു. അതനുസരിച്ച് നബി(സ)തിരുമേനി 'സമുദായത്തിന്റെ വിശ്വസ്തൻ' എന്ന ബഹുമതി നല്കി ഹദ്റത്ത് അബൂഉബയ്ദഃ(റ)യെ ആ സംഘത്തോടൊപ്പം നജ്റാനിലേക്കയച്ചു. ഹദ്റത്ത് അബൂഉബയ്ദഃ(റ)യ്ക്ക് ഇവിടേയും അമാനത്തുകളോടുള്ള കടമ നല്ലവണ്ണം നിർവഹിക്കാൻ സൗഭാഗ്യം സിദ്ധിച്ചു.

## ആദ്യത്തെ ഖിലാഫത്ത് തിരഞ്ഞെടുപ്പ്:

ഹിജ്റ 10-ാം വർഷം ഹദ്റത്ത് അബൂഉബയ്ദഃ(റ) ഹജ്ജത്തുൽവിദായുടെ അവസരത്തിലും നബി(സ)തിരുമേനിയുടെ സഹയാത്രികനായിരുന്നു. തുടർന്ന് നബി(സ)തിരുമേനി ഇഹലോകവാസം വെടിഞ്ഞു. നബി(സ)തിരുമേനിയുടെ വിയോഗം മുസ്ലീംകളുടെ ജീവിതത്തിൽ കൊടുങ്കാറ്റു വിതച്ചു. സ്വന്തം യജമാനരുടെ വേദനാജനകമായ വേർപാടിന്റെ ആഘാതത്താൽ സ്വഹാബാക്കൾ അസ്വസ്ഥരും അനിയന്ത്രിതരും ദുഃഖഭാരം സഹിക്കവയ്യാതെ സ്വബോധം നഷ്ടപ്പെട്ടവരുമായിത്തീർന്നിരുന്നു. ബനുസാഇദ സൗധത്തിൽ അൻസ്വാറുകളുടെ ഒരു നേതാവ് നബി(സ)തിരുമേനിയോടുള്ള സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ അൻസ്വാറിൽനിന്നായിരിക്കണം അമീർ നിശ്ചയിക്കപ്പെടേണ്ടതെന്ന ആവശ്യം ഉന്നയിച്ചു. തദവസരത്തിൽ 'ഖിലാഫത്ത്' എന്ന അമാനത്ത് ആരെ ഏല്പിക്കണമെന്ന ചർച്ച നടക്കുന്നുണ്ടായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ) ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് അബൂഉബയ്ദഃ(റ) എന്നിവർ അൻസ്വാറുകളെ കാര്യങ്ങൾ ധരിപ്പിച്ചു. ഓരോരുത്തരും അങ്ങേയറ്റം വിനയത്തോടും തികഞ്ഞ വണക്കത്തോടും തങ്ങളുടെ ആദരണീയനായ മുഹാജിർ സഹോദരന്റെ പേരു പറഞ്ഞ് സത്യസന്ധതയോടെ തങ്ങളുടെ ബയ്അത്ത് (അനുസരണ പ്രതിജ്ഞ)സമർപ്പിച്ചു. ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു, 'നോക്കൂ! നിങ്ങളിൽ ഉമർ ഉണ്ട്. അദ്ദേഹത്തെക്കൊണ്ടു അല്ലാഹു ദീനിനെ ആദരണീയമാക്കിയതാണ്. നിങ്ങളിൽ അബൂഉബയ്ദഃയുമുണ്ട്. അദ്ദേഹത്തിന് 'അമീനുൽഉമ്മത്' (സമുദായത്തിന്റെ വിശ്വസ്തൻ) എന്ന ബഹുമതി നല്കപ്പെട്ടിരിക്കുന്നു. ഇവരിൽ നിങ്ങൾ ഇഷ്ടപ്പെടുന്നവരുടെ കൈയി ൽ ബയ്അത്ത് ചെയ്ത് സംഘടിക്കുക.'

ഹദ്റത്ത് ഉമർ(റ) തന്റെ ഒഴികഴിവ് പറഞ്ഞ് മറ്റു രണ്ടു മഹാത്മാക്കളുടെ പേര് സ്മരിക്കുകയും ഹദ്റത്ത് അബൂബക്കർ(റ)ന്റെ സ്വാഭാവികമായ പശ്ചാത്തലം മനസ്സിലാക്കി ഹദ്റത്ത് അബൂഉബയ്ദഃയോട് 'അബൂഉബയ്ദഃ, താങ്കൾ ഈ സമുദായത്തിന്റെ വിശ്വസ്തനാണെന്ന് നബി(സ)തിരുമേനി പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അതുകൊണ്ട് ബയ്അത്തു വാങ്ങാൻ കൈനീട്ടു' എന്നുവരെ പറയുകയും ചെയ്തു. അതുകേട്ടപ്പോൾ ഹദ്റത്ത് അബൂഉബയ്ദഃ(റ)തന്റെ അഭിപ്രായാവകാശത്തിന്റെ അമാനത്ത് ഇങ്ങനെ പറഞ്ഞുകൊണ്ടു നിർവേറ്റി: "നബി(സ)തിരുമേനി തന്റെ അവസാന രോഗാവസ്ഥയിൽ ഇമാമാക്കുകയും ആ മഹാത്മാവിന്റെ മരണംവരെ നമുക്ക് ഇമാമത്തു വഹിക്കുകയും ചെയ്ത വ്യക്തിയെക്കാൾ മുൻഗണന എനിക്കുചിതമല്ല."

അതിനുശേഷം അൻസ്വാറുകളായ സ്വഹാബിമാർക്ക് മനോഹരമായ നിലയിൽ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുത്തുകൊണ്ടു പറഞ്ഞു: "അൻസ്വാറുകളേ! നിങ്ങളാണ് അല്ലാഹുവിന്റെ ദൂതരെ ഒന്നാമതായി സഹായിച്ചവർ. ഇന്ന് അതിനെ മാറ്റുന്നതിൽ മുമ്പന്മാരാകാതിരുക്കുക."

അങ്ങനെ ഒന്നാമത്തെ ഖിലാഫത്ത് തിരഞ്ഞെടുപ്പിന്റെ സുപ്രധാനവും നിർണായകവുമായ ഘട്ടത്തിലും 'അമീനുൽഉമ്മത്' ഹദ്റത്ത് അബൂഉബയ്ദഃ(റ)തന്റെ ബഹുമതി നല്ലവണ്ണം കാക്കുകയും അമാനത്തിന്റെ കടമ നിറവേറ്റിക്കാണിക്കുകയും ചെയ്തു.

ഹദ്റത്ത് അബൂഉബയ്ദഃ(റ) തന്റെ കർമപരമായ ജീവിതത്തിൽ സമ്പൂർണ വിശ്വസ്തനായിരുന്നു എന്ന് ഹദ്റത്ത് ഉമർ(റ)ന് ഉത്തമ വിശ്വാസമുണ്ടായിരുന്നു. അതദ്ദേഹം മരണത്തിനുമുമ്പേ തന്റെ ഹൃദയാഭിലാഷമെന്ന നിലയിൽ ഇങ്ങനെയാണ് വിവരിച്ചത്: "ഇന്ന് അബൂഉബയ്ദഃ ജീവിച്ചിരുന്നെങ്കിൽ എനിക്കുശേഷം ഞാൻ അദ്ദേഹത്തെ ഖലീഫയായി നിശ്ചയിക്കുമായിരുന്നു. അതിനെക്കുറിച്ച് ആരോടെങ്കിലും അഭിപ്രായം ചോദിക്കേണ്ട ആവശ്യമുണ്ടാകുമായിരുന്നില്ല. അതിനെക്കുറിച്ച് ചോദിക്കപ്പെട്ടാൽ ഞാൻ മറുപടി പറയും, 'അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും വിശ്വസ്തനായ വ്യക്തിയെ എന്റെ പ്രതിനിധിയായി നിശ്ചയിച്ചിട്ടാണ് ഞാൻ വന്നിരിക്കുന്നത്' എന്ന്."

(തുടരും)

പേജ് 2ൽ നിന്ന്

സമാനമായ പ്രതിഫലും നല്കപ്പെട്ടിരിക്കുന്നു. ഈ നിയമം എല്ലായിടത്തും നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണ്. ഇസ്ലാം ജോലിയെ വീതിച്ചിട്ടുണ്ടെങ്കിൽ അതിൽ എന്ത് ആക്ഷേപം ഉന്നയിക്കാനാണ്. ഇത് വെറും ആക്ഷേപത്തിനുള്ള കാര്യങ്ങളാണ്. നിരീശ്വരവാദികൾ മതത്തിന്റെ ആവശ്യംതന്നെയില്ലെന്ന് പറയുന്നവരാണ്. എല്ലാ ഓരോ കാര്യത്തിനും നിയമങ്ങളുണ്ട്. കഴിഞ്ഞ ദിവസം ഞാൻ ഒരു പ്രസംഗത്തിലും പറഞ്ഞിരുന്നതാണ്. മതം വരാത്തതുവരെ ധാർമികാവസ്ഥയും വന്നിരുന്നില്ലെന്ന് പഠിപ്പിക്കുന്നവരും ഭൗതികരുമായ ആളുകൾ വിശ്വസിക്കുന്ന കാര്യമാണ്. മതം വന്നിട്ടാണ് ധാർമികത നല്കിയത്. ഈ തത്ത്വചിന്തകന്മാരും നിരീശ്വരവാദികളും എന്തെങ്കിലും ധാർമികത എടുത്തിട്ടുണ്ടെങ്കിൽ അത് അതിൽനിന്നാണ്. സംസ്കാരമില്ലാത്ത കാലത്ത് മനുഷ്യൻ കാടുകളിലും ഗുഹകളിലുമാണ് താമസിച്ചിരുന്നത്. അപ്പോൾ എന്ത് ധാർമികതയാണ് ഉണ്ടായിരുന്നത്? മൃഗങ്ങളെ പോലെയാണ് കഴിഞ്ഞിരുന്നത്. എന്നല്ല അവർ മൃഗങ്ങളെപ്പോലെ നടന്നുകൊണ്ടിരുന്ന ഫിലിമുകളും ഇവർ ഉണ്ടാക്കുന്നു. ഈ ധാർമികത മതങ്ങളാണ് പഠിപ്പിച്ചത്. മതത്തിന്റെമേൽ ആക്ഷേപം ഉന്നയിക്കുന്നത് മതമനുസരിച്ച് ജീവിക്കാതിരിക്കാനാണ്. ഇവർക്ക് മതത്തെ കുറിച്ച് അറിയുകയേ ഇല്ല. അതിനെ കാണുകയോ മനസ്സിലാക്കുകയോ ചെയ്തിട്ടില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്ത് എഴുതുകയുണ്ടായി: ഏതെങ്കിലും കാര്യത്തെ കുറിച്ച് അറിവില്ലാത്തതോ അതിനെ കാണാത്തതൊകൊണ്ടുള്ള ഉദ്ദേശ്യം അത് ഇല്ലെന്നല്ല. പാക്കിസ്താനിൽ ഒരു ഗ്രാമമോ കസബയോ ഉണ്ട് മണ്ടിബഹാവുദ്ദീൻ. ഒരു കാനഡിയിൻ അതു കണ്ടിട്ടില്ലെങ്കിൽ അതില്ലെന്ന് പറയാൻ അയാൾക്കു സാധ്യമല്ല. ആ പട്ടണത്തെ കുറിച്ച് ഭൂപടത്തിൽ അങ്ങനെയങ്ങ് ഇട്ടതാണെന്ന് അയാൾ പറഞ്ഞാൽ അയാളെ ഭ്രാന്തനെന്നേ ആളുകൾ പറയൂ. ഇതുപോലെ മതവുമായി ബന്ധംതന്നെ വെച്ചിട്ടില്ലാത്ത ഒരുവന്, എന്തെങ്കിലും കാണുകയോ പഠിക്കുകയോ ചെയ്തിട്ടില്ലാത്ത ഒരുവന് മതം എന്താണെന്നു തന്നെ അറിയുകയില്ല. അല്ലാഹ് എന്താണെന്നും അവനറിയില്ല. അതിനുവേണ്ടി അവനൊരിക്കലും പരിശ്രമിച്ചിട്ടുമില്ല. അവൻ ഒരു ദൈവവുമില്ലെന്ന് ആക്ഷേപം ഉന്നയിക്കുന്നതുതന്നെ വിഡ്ഢിത്തമാണ്. "ഹമാരാ ഖുദാ" എന്നപുസ്തകമുണ്ട്. നിങ്ങൾ അത് വായിച്ചിട്ടുണ്ടോ? ഇംഗ്ലീഷിൽ അതിന്റെ പേര് Our God എന്നാണ്. അത് നിർബന്ധമായും വായിക്കേണ്ടതാണ്. എല്ലാ വഖ്ഫെ നൗ കുട്ടികളും ഇത് വായിക്കേണ്ടതാണ്. കാരണം ഇക്കാലത്ത് നിരീശ്വരത്വം ശക്തമാണ്. ആക്ഷേപം ഉന്നയിക്കുന്നവർക്ക് തെളിവുകൾ നല്കുകയാണെങ്കിൽ അവർ പിന്നീട് സംസാരിക്കുകയില്ല.

പ്രസിദ്ധ നിരീശ്വരവാദിയാണ് Richard Dawkins. എപ്പോഴും അദ്ദേഹം ദൈവത്തിനുമേൽ ആക്ഷേപം ഉന്നയിച്ചുകൊണ്ടിരിക്കുന്നു. അയാൾക്കു ഞാൻ തഫ്സീർ സ്വഗീറിന്റെ ഇംഗ്ലീഷ് സെറ്റും ഖലീഫ റാബിഅ്ന്റെ Revelation Rationalityയും അയച്ചു കൊടുത്തു. ഇത് വായിച്ചിട്ട് ദൈവമുണ്ടോ ഇല്ലേ എന്നു പറയാൻ പറഞ്ഞു. അതിന്റെ മറുപടി തനിക്ക് പുസ്തകം വായിക്കേണ്ട ആവശ്യമില്ലെന്നായിരുന്നു. താൻ അംഗീകരിക്കുന്നില്ലെന്നായിരുന്നു. അമീറുൽമുഅ്മിനീൻ പറഞ്ഞു: ഇതൊരു തെളിവല്ല. തങ്ങളുടെ ഗ്രന്ഥങ്ങൾ വായിക്കണമെന്ന് നമ്മളോടു ഇവർ പറയുന്നു. നമ്മുടെ ഗ്രന്ഥങ്ങൾ വായിക്കാൻ നമ്മൾ പറയുമ്പോൾ തങ്ങൾക്ക് വായിക്കേണ്ട ആവശ്യമില്ലെന്ന് പറയുന്നു. ഞാൻ ഈ എല്ലാ ഗ്രന്ഥങ്ങളും ഇമാം അത്വാഉൽ മുജീബ് റാശിദ് സാഹിബ് മുഖേനയാണ് അയച്ചത്.

❍ കനഡ ജമാഅത്തിനെ സംബന്ധിച്ച് അങ്ങ് സന്തോഷവാനാണോ? എന്ന് ഒരു യുവാവ് ചോദിച്ചു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു:'വെറുക്കാനുള്ള എന്തെങ്കിലും കാരണമുണ്ടോ? സന്തോഷവാനല്ലെങ്കിൽ വെറുപ്പിന് എന്തെങ്കിലും കാരണമുണ്ടാകേണ്ടതാണ്. നിനക്ക് എന്തെങ്കിലും കാരണം കാണാൻ കഴിയുന്നുണ്ടോ? വെറുക്കാൻ ഒരു കാരണവുമില്ലെങ്കിൽ പിന്നെ ഞാൻ അകാരണമായി എന്തിനാണ് വെറുക്കുന്നത്? ഞാൻ ജൽസയിൽ ഡ്യൂട്ടി കൊടുത്തവരെ പ്രശംസിക്കുകയുണ്ടായി. ഡ്യൂട്ടിനല്കിയ നിങ്ങളേയും പ്രശംസിക്കുകയുണ്ടായി.

❍ Genetic Modification മനുഷ്യന് ഗുണപ്രദമാണോ എന്ന് ഒരു കുട്ടി ചോദിച്ചു. തെറ്റാണെങ്കിൽ എന്തുകൊണ്ട്?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: 'ഏതെങ്കിലും രോഗത്തിന് ചികിത്സ എന്ന നിലയിലാണെങ്കിൽ ശരിയാണ്. പക്ഷേ, Cloningന് അനുവാദമില്ല. ആരുടെയെങ്കിലും രൂപം മാറ്റുന്നതും ശരിയല്ല. Stem cell അല്ലെങ്കിൽ മറ്റേതെങ്കിലും tissue മുഖേന ശരിനപ്പെടുത്താനാണെങ്കിൽ അനുവാദമുണ്ട്. മാതാവിന്റെ വയറ്റിൽ embryoഉണ്ടെങ്കിൽ അതിനെ ചികിത്സിക്കാവുന്നതാണ്. ഏതെങ്കിലും വസ്തുവിന്റെ രൂപം മാറ്റുന്നതാണ് Cloning അത് അനുവദനീയമല്ല. ഭർത്താവിന്റേയും ഭാര്യയുടേയും അണ്ഡത്തിൽനിന്ന് ജനനം ഉണ്ടാകാവുന്നതാണ്. അന്യപുരുഷന്റെ ബീജം സ്ത്രീയുമായി ചേർക്കുന്നത് ഒരിക്കലും അനുവദനീയമല്ല.

❍ അതേ കുട്ടി വേറൊരു ചോദ്യം ചോദിക്കുകയുണ്ടായി. പഴങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ എന്നിവയെ Genetically Modifiedചെയ്യുന്നത് അനുവദനീയമാണോ?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: 'ഒരുപാട് പഴങ്ങളും പച്ചക്കറികളും ഇങ്ങനെ തയ്യാറാക്കപ്പെടുന്നുണ്ട്. നിങ്ങൾക്കത് ചെയ്യാവുന്നതാണ്. ഉദാഹരണത്തിന് ഗോതമ്പ്. അതിന്റെ വിളവ് ഇന്നേക്ക് 50 വർഷം മുമ്പേ ഒരു ഏക്കറിൽ 250 കിലോ ആയിരുന്നു. എന്നാൽ, ഇന്ന് ആയിരമോ രണ്ടായിരമോ കിലോ ആണ് അതിന്റെ വിളവ്. അതിനെ അവർ തയ്യാറാക്കിയത് ഈ രീതിയിലൂടെയാണ്. ഇതേ പ്രകാരം മനുഷ്യരിലും അവന്റെ രോഗത്തിന്റെ ചികിത്സ genetically നടത്താവുന്നതാണ്. അത് അനുവദനീയമാണ്. അതിന് കുറ്റമൊന്നുമില്ല. അതിന് അവരുടെ പക്കൽ വിവിധ മാർഗങ്ങളുണ്ട്. അമീറുൽ മുഅ്മിനീൻ പറഞ്ഞു:'നിങ്ങൾ റിസർച്ചിൽ പോകുക. genetics ൽ മാസ്റ്ററാകുക. പി എച്ച് ഡി ചെയ്യുക. പിന്നീട് റിസർച്ച് ചെയ്യുക.

വഖ്ഫെ നൗ കുട്ടികളുമായുള്ള അമീറുൽ മുഅ്മിനീന്റെ ഈ ക്ലാസ്സ് എട്ടര മണിവരെ നീണ്ടുനിന്നു. അവസാനം അമീറുൽ മുഅ്മിനീൻ ഈ യോഗത്തിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും പേനകൾ നല്കി. അതിനുശേഷം അമീറുൽ മുഅ്മിനീൻ മഗ്രിബ് ഇശാ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം അമീറുൽ മുഅ്മിനീൻ തന്റെ താമസസ്ഥലത്തേക്ക് മടങ്ങി.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin